# കാട്ടാനകൾക്ക് ഷോക്കേൽക്കാതിരിക്കാൻ മുൻകരുതൽ നടപടി

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം : വൈദ്യുതി ലൈനിൽനിന്ന് ഷോക്കേറ്റ് വനത്തിൽ കാട്ടാനകൾ കൂട്ടത്തോടെ ചരിയുന്ന സംഭവങ്ങൾ ഒഴിവാക്കാൻ വനം, വൈദ്യുതി വകുപ്പുകൾ സംയുക്തമായി നടപടി സ്വീകരിക്കും.

ഇതിന്റെ ഭാഗമായി വനത്തിൽ ഇരുവകുപ്പുകളും സംയുക്ത പരിശോധന നടത്തും. വൈദ്യുതി ലൈൻ താഴ്ന്നു പോകുന്ന സ്ഥലങ്ങളിൽ അത് ഉയർത്തും. ലൈനിന് സമീപമുള്ള വലിയ മരങ്ങൾ മുറിച്ച് മാറ്റും. വനത്തിൽ കാട്ടാനകളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന വൃക്ഷം പനയാണ്. വൈദ്യുതി ലൈൻ കടന്നുപോകുന്ന വഴികൾക്ക് സമീപവും മറ്റുമുള്ള പനക്കൂട്ടങ്ങൾ മുറിച്ചു മാറ്റും.

ഇന്നലെ വനംവകുപ്പുമന്ത്രി കെ. സുധാകരന്റെയും വൈദ്യുതിമന്ത്രി കടവൂർ ശിവദാസന്റെയും സാന്നിദ്ധ്യത്തിൽ ഇരുവകുപ്പുകളിലെയും ഉന്നത ഉദ്യോഗസ്ഥരുടെ യോഗമാണ് ഇങ്ങനെ തീരുമാനമെടുത്തത്.

പത്തനംതിട്ട തണ്ണിത്തോട് മുണ്ടോൻമൂഴി വനത്തിൽ വൈദ്യുതാഘാതമേറ്റ് നാല് കാട്ടാനകൾ ചരിഞ്ഞതിനെത്തുടർന്നാണ് ഇങ്ങനെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചത്.

# കവർച്ചസംഘത്തിലെ ഒരാൾ പിടിയിൽ

നെടുമങ്ങാട്: ക്ഷേത്ര കവർച്ചയുൾപ്പെടെ നിരവധി മോഷണകേസ്സുകളിലും കൊലപാതക കേസ്സിലും പ്രതിയായ രണ്ടംഗ സംഘത്തിലെ പ്രധാനി പിടിയിലായി.

പേരൂർക്കട കുടപ്പനക്കുന്ന് പൂവല്ലിയൂർക്കോണം ചിത്രാ നഗറിൽ ആർ. സനൽകുമാ(24)റാണ് നെടുമങ്ങാട് എസ്.ഐ എ. പ്രമോദ്കുമാറിന്റേയും സംഘത്തിന്റേയും കെണിയിൽ കുടുങ്ങിയത്.

അപ്രതീക്ഷിതമായി അറസ്റ്റിലായ സനൽകുമാറിനെ ചോദ്യം ചെയ്യവേ മണ്ണന്തല ആനന്ദവല്ലീശ്വരി ദേവീക്ഷേത്രത്തിലെ കവർച്ചയുൾപ്പെടെ നിരവധി മോഷണങ്ങൾക്ക് തുമ്പ് ലഭിച്ചു. ഇയാളുടെ കൂട്ടു പ്രതിയും അമ്പലമുക്ക് അനിൽ കൊലപാതക കേസ്സിലെ പ്രതിയുമായ പേരൂർക്കട ചൂഴംപാലപണയിൽ വീട്ടിൽ വി. രാജേഷ്(23) ഒളിവിലാണ്

. മണ്ണന്തല ആനന്ദവല്ലീശ്വരി ക്ഷേത്രത്തിലെ 40,000 രൂപ വില മതിപ്പുള്ള വിളക്കും മറ്റു ജംഗമ വസ്തുക്കളും മോഷണം നടത്തിയതിനു പുറമെ പേരൂർക്കട വിന്നേഴ്സ് ക്ളബ്ബിന്റെ തൊട്ടടുത്ത കിണറ്റിൽ നിന്ന് പമ്പ്സെറ്റും കുറവൻകോണം ജോണിന്റെ വീട്ടിൽ നിന്ന് 6 പവൻ സ്വർണ്ണം, ടോർച്ച് ലൈറ്റ്, ടേപ്പ് റിക്കോർഡർ,സാരി എന്നിവയും ഇതിനടുത്ത് ഉമ്മറിന്റെ വീട്ടിൽ നിന്ന് 12 പവൻ സ്വർണ്ണവും ഭഗത്സിംഗ് നഗറിലെ സോമശേഖരന്റെ കടകുത്തിതുറന്ന് കവർച്ച നടത്തിയതും ഇതേ പ്രതികളാണെന്ന് തെളിവുകൾ ലഭിച്ചതായി അന്വേഷണ സംഘം അറിയിച്ചു.

മുട്ടറ കരുണാകരൻ നായരുടെ സ്റ്റേഷനറികട കുത്തിത്തുറന്ന് സാധനങ്ങളും പണവും അപഹരിച്ചതും ഇതേ സംഘമായിരുന്നു.

## കെട്ടിത്തൂങ്ങാൻ ശ്രമിച്ച് ആശുപത്രിയിലായ ആൾ മരിച്ചു

ആലപ്പുഴ : വ്യാഴാഴ്ച രാവിലെ വീട്ടിനുളളിൽ കെട്ടിത്തൂങ്ങാൻ ശ്രമിച്ച് ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച ചമ്പക്കുളം അമിച്ചകരി രമ്യാഭവനിൽ മനോഹരൻ (45) ഇന്നലെ പുലർച്ചെ മരണമടഞ്ഞു. സാമ്പത്തിക ബാദ്ധ്യതയാണ് ആത്മഹത്യയ്ക്ക് കാരണമായതെന്ന് നെടുമുടി പൊലീസ് പറഞ്ഞു. മൃതദേഹം പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾ ഏറ്റുവാങ്ങി സംസ്കരിച്ചു. ഭാര്യ: പുഷ്പകുമാരി, മക്കൾ: രമ്യ, സൗമ്യ.

കേരള കൗമുദി - 2003 സെപ്തം: 13 ശനി

# ഓണം അവധിക്ക് ചുരത്തിൽ മരംമുറി

സ്വന്തം ലേഖകൻ

കൽപ്പറ്റ: വയനാടൻ ചുരത്തിനു മുകളിൽ വൻതോതിൽ മരംമുറിക്കുന്നു. ചുരത്തിലെ എട്ടാം വളവിനു മുകളിലുള്ള മീനാക്ഷി സുന്ദരം എസ്റ്റേറ്റിലും സമീപമുള്ള വനമേഖലയിലുമാണ് മരംമുറി നടക്കുന്നത്.

ഓണാവധി ദിവസങ്ങളുടെ മറവിൽ ലക്ഷങ്ങളുടെ മരം ഇവിടെനിന്നും മുറിച്ചുകടത്തി. ലോറിയിൽ തമിഴ്നാട്ടിൽനിന്ന് കൊണ്ടുവന്ന തൊഴിലാളികളെ ഉപയോഗിച്ച് ഓഗസ്റ്റ് 28-ന് ശനിയാഴ്ച മുതലാണ് എസ്റ്റേറ്റിലും വനമേഖലയിലും മരംമുറി നടന്നത്.

അവധിക്ക് മരംമുറിക്കുന്നതിന് നേരത്തെ തോട്ടത്തിലെ ഏലച്ചെടികളും അടിക്കാടുകളും വെട്ടിമാറ്റിയിരുന്നു. ചുരത്തിന് ഭീഷണിയായി ഈ പ്രദേശത്ത് മരംമുറിക്കാൻ നീക്കം നടക്കുന്നതായി 'മംഗളം' നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നതാണ്.

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ നോട്ടിഫൈഡ് ഏലം റിസർവ്സ് ഹിൽ ഏരിയയിൽ വരുന്ന ലക്കിടിയിലെ റീസർവേ 329/ 4 സി 2, 329/4 സി 1, 329/4 സി/ബി എന്നിവയിൽ പെടുന്ന മീനാക്ഷി സുന്ദരം ഏലത്തോട്ടത്തിലും തോട്ടത്തോട്, ചേർന്നുള്ള വനമേഖലയിലും ഉണ്ടായിരുന്ന നൂറുകണക്കിന് മരങ്ങളാണ് മൂന്നുദിവസങ്ങൾക്കുള്ളിൽ മഴുമുനയിൽ നിലംപൊത്തിയത്. വൈത്തിരിയിലെ കുന്നത്തിടവക വില്ലേജിൽ വരുന്നതാണീ പ്രദേശം.

ചുരം റോഡിലെ എട്ടാം വളവിനു മുകളിൽ വരുന്ന ഈ ഭാഗത്ത് മരംമുറി നടന്നാൽ ചുരത്തിൻെറ നിലനിൽപ്പിനെ ബാധിക്കുമെന്ന് മണ്ണ് സംരക്ഷണ വകുപ്പിലെ വിദഗ്ദ്ധർ ജില്ലാ കലക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. അവശ്യ വസ്തു സംരക്ഷണ

നിയമം, കെ.പി.ടി. ആക്ട് സെക്ഷൻ 5 എന്നിവ ലംഘിച്ചുകൊണ്ട് മരംമുറിക്കാൻ അധികൃതർക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് അവധി ദിവസങ്ങളിൽ ആരോരുമറിയാതെ മരങ്ങൾ മുറിച്ചുനീക്കിയത്.

എസ്റ്റേറ്റും തമ്മിൽ തർക്കത്തിലിരിക്കുന്ന വനഭൂമിയിലെയും മരങ്ങൾ മുറിച്ചിട്ടുള്ളത്.

എസ്റ്റേറ്റിൽ നിന്നും ചൊവ്വാഴ്ച ഉച്ചവരെ 154 മരങ്ങളും വനമേഖലയിൽ നിന്ന് 62 മരങ്ങളുമാണ് ഇതിനകം മുറിച്ചത്. ചുരത്തിൽ മലയിടിച്ചിലി,



'വനംഖേലയിൽ നടക്കുന്ന മരംമുറി'

ലാൻറ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം, കാപ്പിച്ചെടികൾ ഇല്ലാത്ത തോട്ടത്തിൽ കാപ്പി രജിസ്ട്രേഷൻ

സമ്പാദിച്ച 42 ഏക്കറിൽ നിന്ന് മരംമുറിക്കാൻ വനംവകുപ്പിൽ നിന്ന് സമ്പാദിച്ച പാസിൻെറ മറവിലാണ് ഏലത്തോട്ടത്തിലും വനംവകുപ്പും

ന് വഴിയൊരുക്കാവുന്ന ഈ മേഖലയിലെ മരംമുറിക്കെതിരെ ശാസ്ത്ര സാഹിത്യ പരിഷത്ത്, വയനാട് പ്രകൃതി സംരക്ഷണ സമിതി, കേരള പരിസ്ഥിതി പ്രവർത്തക സംഘം തുടങ്ങിയ സംഘടനകൾ പ്രക്ഷോഭങ്ങളുമായി രംഗത്തുവന്നതിനെ തുടർന്ന് ജില്ലാ കലക്ടർ

ഇടപെട്ട് ഇവിടുത്തെ മരംമുറി തടഞ്ഞിരുന്നു.

439 ഏക്കർ വരുന്ന മീനാക്ഷി സുന്ദരം എസ്റ്റേറ്റിൽ അന്ന് വെറും 17 ഏക്കറിനായിരുന്നു കാപ്പി രജിസ്ട്രേഷൻ ഉണ്ടായിരുന്നത്. ഉന്നതങ്ങളിലെ ഇടപെടൽ മൂലം 1977-ൽ 390/77-ാം നമ്പറായി ഒരൊറ്റ കാപ്പിച്ചെടി പോലും ഇല്ലാത്ത എസ്റ്റേറ്റിൽ 42 ഏക്കറിന് പിന്നീട് കാപ്പി രജിസ്ട്രേഷൻ നൽകി.

കഴിഞ്ഞ പത്തുവർഷങ്ങൾക്കുള്ളിൽ മരങ്ങളിൽ കണ്ണുവച്ച് എസ്റ്റേറ്റ് പലരും വിലയ്ക്കുവാങ്ങിയെങ്കിലും മരംമുറിക്കാനാവതെ മറ്റു പലർക്കും വിൽപന നടത്തുകയാണുണ്ടായത്. 1989-ൽ എസ്റ്റേറ്റിലെ 42 ഏക്കർ 23 സെൻറ് ഭൂമി വയനാട്ടിലെ ചില മരവ്യാപാരികൾ വിലക്കുവാങ്ങി.

1993 -ൽ തൃശൂർ ജില്ലയിലെ ചില വ്യാപാരികൾ ഉൾപ്പെടെ 13 പേർക്ക് വയനാട്ടിലെ മരവ്യാപാരികൾ എസ്റ്റേറ്റ് ഭൂമി വിലയ്ക്ക് നൽകി. 42 ഏക്കർ വിലയ്ക്ക് വാങ്ങിയവർ എസ്റ്റേറ്റിലെ ഏലച്ചെടികൾ വെട്ടിമാറ്റി മരംമുറിക്കാൻ ശ്രമങ്ങൾ നടത്തുന്നതിനിടയിലാണ് ഇതുസംബന്ധിച്ച് പത്രവാർത്തകൾ വന്നത്.

നിയമപ്രകാരം മരംമുറിക്കാൻ റവന്യു വകുപ്പിനോ വനംവകുപ്പിനോ അനുമതി നൽകാൻ കഴിയാത്ത ഭൂമിയിൽ നിന്ന് നിയമങ്ങൾ മറികടന്ന് മരംമുറി നടന്നത് ഇതോടെയാണ്. കുന്നത്തിടവക വില്ലേജ് ഓഫീസർ, മേപ്പാടി ഫോറസ്റ്റ് റേഞ്ചർ സൗത്ത് വയനാട് ഡി.എഫ്.ഒ., വൈത്തിരി തഹസിൽദാർ എന്നിവർ ഓണാവധിക്ക് ചുരമിറങ്ങിയ അവസരം നോക്കിയാണ് വനമേഖലയിലെ മരങ്ങൾ കൂടി മുറിച്ചുനീക്കിയത്.

# ലക്കിടിയിലെ മരംമുറി നാട്ടുകാർ തടയും

വൈത്തിരി: വൈത്തിരി ചുരത്തിനു മുകളിലുള്ള മീനാക്ഷിസുന്ദരം എസ്റ്റേറ്റിലെ മരം മുറിക്കെതിരെ ചുരത്തിനു സമീപം താമസിക്കുന്ന മുഴുവൻ നാട്ടുകാരും ഒന്നിച്ചണിനിരക്കും. ചുരത്തിന്റെ നാശത്തിന് ഗതിവേഗം കൂട്ടുന്ന മരംമുറി എന്തു വില കൊടുത്തും തടയുമെന്ന് ലക്കിടിയിൽ ചേർന്ന തദ്ദേശവാസികളുടെ യോഗം പ്രഖ്യാപിച്ചു. തെറ്റിദ്ധരിപ്പിച്ചും പണം നൽകിയും നാട്ടുകാരെ വിലക്കെടുക്കാമെന്ന വ്യാമോഹം വനലോബികൾ ഉപേക്ഷിക്കണമെന്ന് യോഗം മുന്നറിയിപ്പു നൽകി. യോഗത്തിൽ കെ.പി. ആന്റണി അധ്യക്ഷതവഹിച്ചു. പി. ഗഗാറിൻ, ഡോ. അമ്പി ചിറയിൽ, എം.എൻ. വാസുമാസ്റ്റർ, കെ.കെ. ദാസൻ, സി.കെ. ശിവരാമൻ, പി.പി. അബു എന്നിവർ പ്രസംഗിച്ചു. സർവകക്ഷി ആക്ഷൻ കൗൺസിലിന്റെ ലക്കിടി യൂണിറ്റ് ഭാരവാഹികളായി സി.കെ. രാമൻപിള്ള (കൺവീനർ), എ.കെ. കോയ, പി.കെ. സഹദേവൻ, കെ. അബ്ദുൽഖാദർ (ജോ. കൺവീനർമാർ) എന്നിവരെ തിരഞ്ഞെടുത്തു.

# അനധികൃത മരംവെട്ട് തടയാൻ നടപടിയില്ല

കൽപ്പറ്റ: വൈത്തിരി താലൂക്കിലെ 92 സ്ഥലങ്ങളിൽ മരംമുറി തടയാൻ നിയമങ്ങൾ നിലവിലുണ്ടായിരുന്നിട്ടും അതു നടപ്പിലാക്കാതിരുന്നതിൽ ദുരൂഹതയുണ്ടെന്ന് വയനാട് സംരക്ഷണ സമിതി കുറ്റപ്പെടുത്തി. 1986 മുതൽ പ്രാബല്യത്തിലുള്ള വൃക്ഷ സംരക്ഷണ നിയമവും കേരള ലാൻഡ് യൂട്ടിലൈസേഷൻ നിയമവും വൈത്തിരി താലൂക്കിലെ 92 സർവേ നമ്പറുകളിൽ 1986 മുതൽ ബാധകമാക്കിയിരുന്നു.

ചുരത്തിനു മുകളിൽ 1000-ത്തിൽ ഏറെ മരം മുറിച്ച മീനാക്ഷി സുന്ദരം എസ്റ്റേറ്റും മരം മുറി നടന്നുകൊണ്ടിരിക്കുന്നതും മുറിച്ചു കഴിഞ്ഞതുമായ മറ്റു പല എസ്റ്റേറ്റുകളും ഈ നിയമങ്ങളുടെ പരിധിയിൽ വരുന്നതാണെന്നും അതു തടയണമെന്നും അറിയാമെന്നിരിക്കെ നിയമം നടപ്പാക്കാൻ വിമുഖത കാട്ടിയവരാണ് വന നശീകരണത്തിനു ഉത്തരവാദികൾ.

വൃക്ഷ സംരക്ഷണ നിയമം ലംഘിച്ചു മുറിക്കുന്ന മരങ്ങൾ കണ്ടുകെട്ടാൻ ഗവൺമെൻറിനു അധികാരമുണ്ട്. എന്നിട്ടും ഇതു നടപ്പാക്കാൻ അധികൃതർ വിമുഖത കാണിക്കുന്നു. നിലവിലുള്ള നിയമങ്ങൾ ആവർത്തിച്ചുകൊണ്ടുള്ള പ്രസ്താവനയ്ക്കു പകരം ഇതു കർശനമായി നടപ്പാക്കാൻ അധികൃതർ തയാറാവുകയാണ് വേണ്ടതെന്ന് വയനാട് സംരക്ഷണ സമിതി ചെയർമാൻ ഫാ. ജോസഫ് മേമനയും വൈസ് ചെയർമാൻ പി. കെ. ഉത്തമനും കൺവീനർ സി. കെ. ശിവരാമനും ആവശ്യപ്പെട്ടു.

താമരശ്ശേരി ചുരത്തിനു മുകളിൽ അനധികൃതമായി മുറിച്ചിട്ട മരങ്ങൾ സർക്കാർ കണ്ടുകെട്ടണമെന്ന് എൻ. ജി. ഒ. യൂണിയൻ വയനാട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ചുരം സംരക്ഷിക്കുന്നതിനു ആവശ്യമായ ബെൽറ്റ് ഏരിയ സർക്കാർ ഏറ്റെടുത്ത് വനവൽക്കരണം നടത്തണം. വയനാട്ടിലെ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനു നിലവിലുള്ള നിബിഡ വനങ്ങൾ സംരക്ഷിക്കണം. ഇതിനാവശ്യമായ നിയമ നിർമാണങ്ങൾ സർക്കാർ നടത്തണം. വയനാടിൻെറ പരിസ്ഥിതി സംരക്ഷിക്കാൻ വിവിധ സംഘടനകൾ ചേർന്നു രൂപവൽക്കരിച്ച വയനാട് സംരക്ഷണ സമിതിയുടെ പ്രക്ഷോഭ പരിപാടികളിൽ മുഴുവൻ സർക്കാർ ജീവനക്കാരും സഹകരിക്കണമെന്ന് ജില്ലാ കമ്മിറ്റി അഭ്യർഥിച്ചു. പ്രസിഡൻറ് പി. രാജൻ ആധ്യക്ഷ്യം വഹിച്ചു.

വയനാട് ചുരത്തോടു ചേർന്ന് മീനാക്ഷി സുന്ദരം എസ്റ്റേറ്റിലും ജില്ലയിൽ വ്യാപകമായും അനധികൃത മരം മുറി നടത്തുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കണമെന്ന് എ. ഐ. വൈ. എഫ്. വൈത്തിരി താലൂക്ക് കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡൻറ് എ. സി. അനിൽകുമാർ ആധ്യക്ഷ്യം വഹിച്ചു. സെക്രട്ടറി പി. എസ്. രവീന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ സെക്രട്ടറി വിജയൻ ചെറുകര, സി. എസ്. സ്റ്റാലിൻ, എ. അഷ്റഫ്, അശോകൻ വെങ്ങപ്പള്ളി പ്രസംഗിച്ചു.

## നിയമിക്കണം

പുൽപ്പള്ളി: ചെയിൻ സർവേ പാസായവരെ റവന്യൂ വകുപ്പിൽ എൽ. ഡി. ക്ളാർക്കുമാരായി നിയമിക്കണമെന്ന് ഓൾ കേരള ക്വാളിഫൈഡ് പ്രൈവറ്റ് സർവെയേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. പി. വി. തങ്കച്ചൻ ആധ്യക്ഷ്യം വഹിച്ചു. ഷാജി ചെങ്ങനാമഠം, കെ. കെ. കൃഷ്ണൻ പ്രസംഗിച്ചു.

## തെരഞ്ഞെടുത്തു

മാനന്തവാടി: തിരുനെല്ലി ക്ഷേത്രം പാരമ്പര്യേതര ട്രസ്റ്റിമാരിൽ ആദിവാസികളുടെ പ്രതിനിധിയായി തിരുനെല്ലി പഞ്ചായത്ത് മെംബർ അറവനാഴി രാജൻ തെരഞ്ഞെടുക്കപ്പെട്ടു. തിരുനെല്ലിയിലെ ആദിവാസി മൂപ്പനായിരുന്ന ഉദ്ദാമണ്ടി കറിയൻെറ പുത്രനായ നാൽപത്തിരണ്ടുകാരൻ കഴിഞ്ഞ 10 വർഷമായി പഞ്ചായത്ത് മെംബറാണ്.

24/9/93

പി. സി. ബാലകൃഷ്ണൻ, വി. വി. നാരായണ വാരിയർ, എ. അനന്തക്കുറുപ്പ് എന്നിവരെ നേരത്തേ ട്രസ്റ്റിമാരായി നിയമിച്ചിട്ടുണ്ട്. വർഷങ്ങളോളമായി തിരുനെല്ലി ക്ഷേത്രത്തിൽ ട്രസ്റ്റി ബോർഡ് ഇല്ലാതായിട്ട്.

മാതൃഭൂമി 1993 സെപ്തംബർ 27 തിങ്കൾ

# പട്ടിണിയും രോഗവും വേട്ടയാടുന്ന നൂൽപുഴയിലെ ആദിവാസി കോളനികൾ

സുൽത്താൻബത്തേരി: തൊഴിലില്ലായ്മയും പട്ടിണിയും രോഗവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന നൂൽപുഴ പഞ്ചായത്തിലെ ആദിവാസി മേഖലയിലെ സ്ഥിതി ഇന്ന് ശോചനീയമാണ്.

ആദിവാസികളിൽ പിന്നോക്കം നില്ക്കുന്ന കാട്ടുനായ്ക്കരും, ഊരാളിമാരും, പണിയരുമെല്ലാം ഒരുപക്ഷേ, ഏറ്റവുമധികം അധിവസിക്കുന്ന പഞ്ചായത്തുകളിൽ പ്രധാനപ്പെട്ടതാണ് വയനാട്ടിലെ നൂൽപുഴ.

വിവിധ ഗിരിവർഗ കോളനികളിലായി കോൺക്രീറ്റ് വീട് പോലും നിലവിൽ വന്നിട്ടുണ്ട്. പക്ഷേ, കോളനി നിവാസികളെ സംബന്ധിച്ചിടത്തോളം എല്ലാ കുടുംബങ്ങൾക്കും വീടുകൾ നിർമിച്ചില്ലെന്ന് മാത്രമല്ല, വർഷങ്ങളായി പണി ആരംഭിച്ചിട്ടും പൂർത്തിയാകാത്തത് നിരവധിയാണ്. ട്രൈബൽ സ്കീമിൽത്തന്നെ പണി ആരംഭിച്ചിട്ടും തീരാത്തതും വർഷങ്ങൾ പലതുകഴിഞ്ഞിട്ടും ലക്ഷ്യം നേടാത്തതുമാണ് അധികവും.

പൊൻകുഴിയിലെ രണ്ട് കാട്ടുനായ്ക്ക കോളനിയും ഒരു പണിയകോളനിയും വർഷങ്ങൾ പലതുകഴിഞ്ഞിട്ടും വീടുകൾ പൂർത്തിയായിട്ടില്ല. ചിലതെല്ലാം ഓടുമേഞ്ഞഘട്ടത്തിലും മറ്റു ചിലത് തറപോലും പൂർണമാകാത്തതുമാണ്. ആദിവാസികൾക്ക് വീട് വേണ്ടാഞ്ഞിട്ടല്ല. പണിയെടുത്ത കരാറുകാരൻ തീർത്ത് കൊടുക്കാത്തതുകൊണ്ടാണ്. അടുത്തടുത്ത മൂന്ന് കോളനികളിലായി 42 വീടുകളാണെങ്കിൽ അതിൽ 15ഉം കരിങ്കൽത്തറപോലും പൂർണമാകാതെ കിടക്കുന്നു.

ചില കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്കും വീടില്ലാത്തതു കാരണം രോഗം പടർന്നുപിടിക്കാനിടയാകുന്നു. ഇത്തരത്തിലൊരു കോളനിയാണ് തോട്ടിമൂലയ്ക്കടുത്ത കരകപ്പാളി, ക്ലോളിപ്പാളി, കാക്കവയൽ കോളനികൾ. ഇവിടെ സർക്കാർ അനുവദിച്ച വീടുകൾ വളരെ കുറവാണ്. അടുത്തകാലത്ത് ക്ഷയരോഗബാധയെത്തുടർന്ന് മരണം സംഭവിച്ചതിനെത്തുടർന്ന് വാർത്തകൾ വന്നതോടെ അധികൃതരുടെ ശ്രദ്ധ തിരിയേണ്ടിവന്ന കോളനിയാണിവ.

ഇവിടെ ഇനിയും വേണ്ടത്ര വീടുകൾ വന്നിട്ടില്ല. 19 അംഗങ്ങളിലധികം ഒരു ചെറിയ കൂരയിൽ താമസിക്കുന്നുണ്ട്. ഇവരിൽ ക്ഷയരോഗചികിത്സയുള്ളവർവരെയുണ്ട്. മൂന്നു കോളനികളിലായി 25 പേർക്ക് ക്ഷയരോഗമുണ്ടെന്ന് ആരോഗ്യവകുപ്പ് അധികൃതർ തന്നെ പറയുന്നുണ്ട്. തൊഴിലില്ലായ്മയും പട്ടിണിയും ശുചിത്വമില്ലായ്മയും വാറ്റുചാരായം ഉയർത്തുന്ന പ്രശ്നങ്ങളും ദുരിതം സൃഷ്ടിക്കുന്ന ഘടകങ്ങളാണ്.

പല കോളനികളിലെന്നപോലെ പുലിതൂക്കി പണിയകോളനിയിലും ചൊറി രോഗം ബാധിച്ചിട്ടുണ്ട്. സിക്കിൾസെൽ അനീമിയ ബാധിച്ച് മരണം സംഭവിച്ച ജില്ലയിലെ പഞ്ചായത്തുകളിലൊന്നാണ് ആദിവാസി മേഖലയായ നൂൽപുഴ. വയനാട്ടുകാരായ ചെട്ടിമാരും, കുറുമരുമാണ് ഈ രോഗത്തിനിരയായി ജീവൻ നഷ്ടപ്പെടുന്നത്.

പലതരത്തിലുള്ള രോഗങ്ങൾ ഭീഷണി ഉയർത്തുന്ന ഈ പഞ്ചായത്തിൽ 10 വാർഡ്, ഓപ്പറേഷൻ തിയേറ്റർ സംവിധാനത്തോടെ തുറന്ന ഗവ. പ്രൈമറി ഹെൽത്ത് സെൻറൽ ഡോക്ടറില്ലാത്തതുമൂലം അടച്ചിട്ടിരിക്കുകയാണ്. ചെതലയത്തെ ഡോക്ടറാണ് ഇടയ്ക്ക് വരുന്നത്. രോഗികൾക്ക് ആവശ്യമായ മരുന്നുവേണം. മരുന്നുണ്ടെങ്കിൽ നിർബന്ധമായി മരുന്ന് കഴിപ്പിക്കാൻ ആദിവാസികളിൽ പ്രേരണ ആവശ്യമാണ്.


നൂൽപുഴ പഞ്ചായത്തിലെ ആദിവാസി കോളനികളിലെത്തി അവർക്ക് ചികിത്സക്കുവേണ്ടി ബത്തേരി ഗവ. ആസ്പത്രി ആസ്ഥാനമായി ഒരു മൊബൈൽ യൂനിറ്റുണ്ട്. ഇതിന് നേതൃത്വം ഒരു സർജൻ കൂടിയായ ഡോക്ടറാണ്. പക്ഷേ, ഈ യൂനിറ്റ് കോളനികൾ സന്ദർശിക്കുക അപൂർവമാണ്. ടയോട്ട വാനിന് ഡീസൽ അടിക്കാനോ, അറ്റകുറ്റപ്പണി നടത്താനോ ഫണ്ടില്ലാത്തതാണ് പ്രധാന കാരണം.

ഡോക്ടറില്ലാത്ത നൂൽപുഴ പഞ്ചായത്തിലെ നായ്ക്കട്ടി നിരപ്പത്ത് പ്രൈമറി ഹെൽത്ത് സെൻററിൽ ഡോക്ടറെ നിയമിച്ച് ഇവിടെ ലാബ് സംവിധാനം കൂടി ഏർപ്പെടുത്തണം. ബത്തേരി ആസ്ഥാനമായിട്ടുള്ള മൊബൈൽ വിഭാഗത്തെ കൂടി നായ്ക്കട്ടി ആസ്പത്രി കേന്ദ്രീകരിച്ച് പ്രവർത്തിക്കാനും അതുവഴി എല്ലാ കോളനികളും സന്ദർശിക്കാനും സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ഇപ്പോഴത്തെ മൊബൈൽ യൂനിറ്റുകൊണ്ടും ഡോക്ടറില്ലാത്ത ആസ്പത്രികൊണ്ടും ആർക്കും ഗുണമില്ലാത്ത അവസ്ഥയാണ്.

ക്ഷയരോഗം ബാധിച്ച ഗിരിവർഗക്കാരെ സംബന്ധിച്ചിടത്തോളം സർക്കാർ ചെലവിൽ തന്നെ ആവശ്യമായ മരുന്നുകൾ നൽകണം. നിത്യവൃത്തിക്ക് മാർഗമില്ലാത്തവർ നിത്യേന ഏഴെട്ടു രൂപയുടെ മരുന്ന് എവിടെനിന്ന് വാങ്ങാനാണ്. ഏതാണ്ട് മിക്ക കോളനികളിലും ക്ഷയരോഗബാധയുൾപ്പെടെയുള്ള പലരോഗബാധയുമുള്ളതായി അറിയുന്നു. ഇതേക്കുറിച്ച് ശരിയായ വിവരം ലഭിക്കാൻ നൂൽപുഴ പഞ്ചായത്തിലെ ട്രൈബൽ കോളനികൾ കേന്ദ്രീകരിച്ച് സമഗ്രമായ സർവേ നടത്താൻ സർക്കാർ തയ്യാറാകണം, ഇതിന്ന് ഡോക്ടർമാരുടെ സംഘങ്ങൾ തന്നെ നേതൃത്വം നൽകണം.

ആദിവാസി കോളനികളിൽ പ്രവർത്തിക്കുന്നുവെന്ന് പറയുന്ന നഴ്സറികൾ നിശ്ചലമാണ്. കാട്ടുനായ്ക്ക, പണിയ, ഊരാളി കോളനികളിൽ ഇനിയും ധാരാളം കുട്ടികൾ സ്കൂളുകളിൽ പോകാൻ പ്രായമായവരുണ്ട്. പക്ഷേ, ഇതിനുള്ള സംവിധാനത്തെക്കുറിച്ച് അധികൃതർ ചിന്തിക്കണം.

കുമിഴി, കോളൂർ പോലുള്ള വനാന്തർഭാഗത്തെ കോളനികളിൽനിന്നും രോഗം ബാധിച്ചവരെ ഡിസ്പെൻസറികളിലെത്തിക്കുക ഏറെ ദുരിതമാണ്. ഇവിടങ്ങളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൻെറ പല ഭാഗത്തും ഐ.പി.പി. നിർമിച്ച കേന്ദ്രങ്ങളുണ്ട്.



പൊൻകുഴി പണിയ കോളനിയിൽ പണിതീർക്കാതെ കിടക്കുന്ന വീടുകൾ

# മുറിച്ചിട്ട മരം പിടിച്ചെടുക്കാൻ മാർച്ച് നടത്തുന്നു

കല്പറ്റ: താമരശ്ശേരി ചുരത്തിന് സമീപത്തുള്ള ലക്കിടി മീനാക്ഷി എസ്റ്റേറ്റിൽ നിന്നും മുറിച്ചിട്ട മരം സർക്കാർ കണ്ടുകെട്ടിയില്ലെങ്കിൽ പിടിച്ചെടുക്കാൻ ഡി.വൈ.എഫ്.ഐ. ജില്ലാ എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു.

ബഹുജനങ്ങളുടെ സഹകരണത്തോടെ സപ്തംബർ 29ന് ആയിരക്കണക്കിന് ഡി.വൈ.എഫ്.ഐ. പ്രവർത്തകർ മാർച്ച് ചെയ്താണ് മരം പിടിച്ചെടുക്കുന്നതെന്ന് അവർ വ്യക്തമാക്കി.

മരം മുറിക്കുന്നതിനും അതു കടത്തുന്നതിനും ഉന്നതന്മാരുടെ ഒത്താശ ഉണ്ടായിരുന്നുവെന്ന് കമ്മിറ്റി ആരോപിച്ചു. മരം മുറിക്കാൻ കണ്ടെത്തുപോലെ തന്നെ അതു കടത്തികൊണ്ടുപോകാനും നിയമ പഴുതുകൾ ഇവർ സൃഷ്ടിച്ചിരിക്കുകയാണ്.

മുറിച്ചിട്ട മരങ്ങൾ വയനാട്ടിൽ നിന്നും കടത്തുന്നതിന് ലോറികൾ വിട്ടുകൊടുക്കരുതെന്നും ഡി.വൈ.എഫ്.ഐ. ലോറി ഉടമസ്ഥരോട് അഭ്യർഥിച്ചു.

ചുരത്തിനു മുകളിലെ എസ്റ്റേറ്റുകളിൽ നിന്നും മരംമുറി തടയുന്നതിന് ശാശ്വതമായ നിയമം കൊണ്ടുവരണമെന്ന് യോഗം ആവശ്യപ്പെട്ടു.

## സബ്സിഡി പെർമിറ്റ് ...ഏജൻസിക്ക്

...ഗം ആവശ്യപ്പെട്ടു.

സബ്സിഡി പെർമിറ്റുകൾ വെങ്ങപ്പള്ളി പഞ്ചായത്തിലെ സർവീസ് സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യണമെന്നും യോഗം ആവശ്യപ്പെട്ടു. കൃഷിഭവനിൽ മുമ്പ് ഉണ്ടായിരുന്ന ഉപദേശക സമിതികൾ രൂപീകിക്കണമെന്നതാണ് യോഗത്തിന്റെ മറ്റൊരാവശ്യം. പി. പി. ഉണ്ണി നായർ, എ.കെ. അനന്തൻ എന്നിവർ സംസാരിച്ചു.

## കൂട്ട ഉപവാസം 13ന്

വാളവയൽ: മീനങ്ങാടി, പൂതാടി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന മീനങ്ങാടി, മൂന്നാഴിക്കുഴി, വാളവയൽ, ഇരുളം എം.എൽ.എ. റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ട് 12 വർഷമായി. റോഡിന്റെ പണി ഇനിയും പൂർത്തിയാക്കാത്തതിൽ പ്രതിഷേധിച്ച് വാളവയൽ അഞ്ജലി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സപ്തംബർ 13 തിങ്കളാഴ്ച കല്പറ്റ കലക്ടറേറ്റ് പടിക്കൽ കൂട്ട ഉപവാസം നടത്തും.

## വനംകൊള്ളക്ക് എതിരെ യോഗം 14–ന്

കല്പറ്റ: വയനാടിന്റെ നിലനില്പിനുതന്നെ ഭീഷണിയുയർത്തുന്ന വനംകൊള്ളക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കേണ്ടതിനെക്കുറിച്ച് ആലോചിക്കാൻ സപ്തം. 14–ന് വൈകുന്നേരം നാലുമണിക്ക് കല്പറ്റ ജിഎൽപി സ്കൂളിൽ കൺവെൻഷൻ നടത്തുമെന്ന് ശാസ്ത്രസാഹിത്യപരിഷത്ത് വയനാട് ജില്ലാ പ്രസി. സി.കെ.ശിവരാമൻ അറിയിച്ചു.



മാതൃഭൂമി – 1993 സെപ്തംബർ 11 ശനിയാഴ്ച

# ലക്കിടിയിലെ മരംമുറി; പ്രകടനം, കല്ലേറ്

കല്പറ്റ: ലക്കിടി ചുരത്തിനു സമീപത്തുള്ള എസ്റ്റേറ്റിൽ നിന്നുള്ള മരം മുറി നാടകീയമായ സംഭവങ്ങൾക്കു വഴിതെളിക്കുന്നു. മരംമുറി ഓണത്തിന്റെ മറവിൽ നാടകീയമായിട്ടാണ് ഏതാനും ദിവസം കൊണ്ടു നടന്നത്. അതിനെതിരെ സർവ പാർട്ടികളിൽ നിന്നും പ്രതിഷേധം ഇപ്പോൾ ഉയരുന്നു.

സർവകക്ഷി ആക്‌ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വൈത്തിരി താലൂക്ക് ഓഫീസിനു മുമ്പിൽ വെള്ളിയാഴ്ച ധർണ നടന്നു. എന്നാൽ മരം മുറിച്ചവർ നാടകീയമായി ജാഥ കലക്ടറേറ്റിലേക്കു സംഘടിപ്പിച്ചിരുന്നു. മുറിച്ചിട്ട മരം വിട്ടുകൊടുക്കണം എന്നും ജില്ലാ ഭരണകൂടം നീതിപാലിക്കണമെന്നുമുള്ള മുദ്രാവാക്യവുമായിട്ടായിരുന്നു അവരുടെ പ്രകടനം കല്പറ്റയിലേക്ക് നീങ്ങിയത്. എന്നാൽ വെള്ളാരംകുന്നിനു സമീപത്തുവെച്ച് ഇതിനുനേരെ കല്ലേറുണ്ടായി. ഇതിൽ പലർക്കും പരിക്കുപറ്റി. കല്ലേറിൽ കുറെ പ്രകടനക്കാർ പിന്തിരിഞ്ഞു പോയി എങ്കിലും മറ്റുള്ളവർ ജാഥയായി കലക്ടറേറ്റിനു മുമ്പിൽ പിന്നീട് പ്രകടനം നടത്തി. മരം നീക്കം ചെയ്യാൻ അനുവദിക്കണമെന്ന് അവർ ഒരു നിവേദനവും കലക്ടർക്ക് നൽകി. നിയമാനുസൃതമായിട്ടാണ് മരം വെട്ടുന്നതെന്നായിരുന്നു അവരുടെ വാദം.

ലക്കിടി മീനാക്ഷി എസ്റ്റേറ്റിൽ മരം ലോബി പണവും സ്വാധീനവും ഉപയോഗിച്ച് സമ്മർദ തന്ത്രങ്ങൾ നടത്തുന്നത് മനസ്സിലാക്കണമെന്ന് വയനാട് ജില്ലാ പ്രകൃതി സംരക്ഷണസമിതി സെക്രട്ടറി തോമസ് അമ്പലവയൽ അഭ്യർഥിച്ചു.

പണത്തിന്റെ മുഷ്കിൽ വയനാട്ടിലെ ജനങ്ങളെ വെല്ലുവിളിക്കുന്ന രീതിയിലുള്ള മരം ലോബിയുടെ നീക്കം ചെറുക്കുമെന്നും, ലക്കിടിയിലെ സമരം കൂടുതൽ ശക്തിപ്പെടുത്തുമെന്നും ഡി.വൈ.എഫ്.ഐ. ജില്ലാ കമ്മിറ്റിയുടെ പ്രസ്താവനയിൽ പറഞ്ഞു.

മരം മുറി തടുക്കുന്നതിന് ലക്കിടിയിൽ ചേർന്ന ജനാധിപത്യ വിശ്വാസികളുടെ യോഗം ജനകീയ സംരക്ഷണസമിതിക്ക് രൂപം നൽകി. മുറിച്ചിട്ട മരങ്ങൾ കണ്ടുകെട്ടണം എന്ന് യോഗം ആവശ്യപ്പെട്ടു.

വൈത്തിരി ചുരത്തിൽ 8–ാം വളവിന് മുകളിലുള്ള മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ മരംമുറി ശാശ്വതമായി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടും മുറിച്ചിട്ട മരങ്ങൾ സർക്കാർ കണ്ടുകെട്ടണമെന്നാവശ്യപ്പെട്ടും സർവകക്ഷി ആക്‌ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജനങ്ങൾ വൈത്തിരി താലൂക്ക് ഓഫീസിനു മുമ്പിൽ ധർണ നടത്തി. വൈത്തിരി പഞ്ചായത്ത് ഓഫീസ് പരിസരത്തുനിന്നും ജാഥയായി എത്തിയാണ് ജനങ്ങൾ താലൂക്കാഫീസ് പരിസരത്ത് ധർണ നടത്തിയത്. ധർണ വൈത്തിരി പഞ്ചായത്ത് പ്രസി. ടി.എം. ഉസ്മാൻ ഉദ്ഘാടനംചെയ്തു.

ആക്‌ഷൻ കൗൺസിൽ കൺവീനർ സി.കെ. ശിവരാമൻ കോൺ–ഐ മണ്ഡലം പ്രസി. കെ.പി. ആന്റണി, സിപിഐ–എം ജില്ലാ കമ്മിറ്റി അംഗം പി. ഗഗാറിൻ ജില്ലാ കൗൺസിലർ എം. ജനാർദനൻ, ബിജെപി മണ്ഡലം പ്രസി. എം.എൻ. വാസു മാസ്റ്റർ, ജനതാദൾ പഞ്ചായത്ത് ചെയർമാൻ കെ.കെ. ദാസൻ, കേരള കോൺഗ്രസ്–(എം) പഞ്ചായത്ത് ചെയർമാൻ പി.വി. ആന്റണി, കോൺഗ്രസ്–എസ് നേതാവ് കെ. വടുവൻകുട്ടി, തോമസ് അമ്പലവയൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടത്തുന്ന പ്രക്ഷോഭ പരിപാടികളെക്കുറിച്ച് ആലോചിക്കുന്നതിനായി ഞായറാഴ്ച, ലക്കിടി ഗവ. എൽ.പി. സ്കൂളിൽ എല്ലാ രാഷ്ട്രീയ സാമൂഹ്യ സംസ്കാരിക, പരിസ്ഥിതി പ്രവർത്തകരുടെയും നാട്ടുകാരുടെയും യോഗം ചേരുന്നതിനും തീരുമാനിച്ചു.

## മുഖ്യമന്ത്രി ഇടപെടണം

വയനാട്ടിലെ മരംമുറി വ്യാപകമായി നടക്കുന്നതിനാൽ ഈ കാര്യത്തിൽ അടിയന്തരമായി മുഖ്യമന്ത്രി ഇടപെടണമെന്ന് വൈത്തിരി ബ്ലോക്ക് കോൺ. പ്രസിഡണ്ട്. ഡി. സുരേഷ് ആവശ്യപ്പെട്ടു.

മീനാക്ഷിസുന്ദരം എസ്റ്റേറ്റിൽ നടന്നുവരുന്ന വ്യാപകമായ മരംമുറിക്ക് കൂട്ടുനിന്ന റവന്യു–വനം ഉദ്യോഗസ്ഥന്മാരെ സസ്പെണ്ടുചെയ്ത് വിശദമായ അന്വേഷണം നടത്തണമെന്ന് സുരേഷ് പ്രസ്താവനയിൽ പറഞ്ഞു.

## പട്രോൾ ലീഡേഴ്സ് ക്യാമ്പ്

കല്പറ്റ: വയനാട് ജില്ല ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പനമരം ഗവ. ഹൈസ്കൂളിൽ സപ്തംബർ 14–ാം തീയതി രാവിലെ 10 മണി മുതൽ 4 മണി വരെ പട്രോൾ ലീഡേഴ്സിന് ഏകദിന ക്യാമ്പ് നടത്തുന്നു. യൂനിറ്റുള്ള സ്കൂളുകളിൽ നിന്നും സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ലീഡർമാരിൽ നാലു പേരെ യൂനിഫോം, ഉച്ചഭക്ഷണപ്പൊതി എന്നിവ സഹിതം പനമരം സ്കൂളിലേക്കയെയ്ക്കണമെന്ന് ജില്ലാ സെക്രട്ടറി അറിയിച്ചു.

## ദ്വിതീയ സോപാനം ടെയിനിങ് ക്യാമ്പ്

കല്പറ്റ: മാനന്തവാടി സബ്ജില്ലയിലെ കുഞ്ഞോം എ.യു.പി. സ്കൂളിൽ വെച്ച് സപ്തംബർ 17–ാം തീയതി വെള്ളിയാഴ്ച 4 മണി മുതൽ തിങ്കളാഴ്ച രാവിലെ 8 മണി വരെ ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വയനാട് ജില്ലാ അസോസിയേഷൻ ദ്വിതീയ സോപാൻ ടെയിനിങ് നടത്തുന്നു. പ്രഥമ സോപാൻ ടെയിനിങ് കഴിഞ്ഞ സ്കൗട്ട്സും ഗൈഡ്സും 35 രൂപ ക്യാമ്പ് ഫീസോടെ ക്യാമ്പ് കിറ്റ് സഹിതം 17–ാംനു നാലു മണിക്ക് കുഞ്ഞോം യു.പി. സ്കൂളിൽ എത്തണം.

## ബന്ദ് ദിവസം ശ്രമദാനം

സുൽത്താൻബത്തേരി: ബന്ദ് ഒരു ഒഴിവുദിനമാക്കാതെ ഒരു സംഘം യുവാക്കൾ എല്ലാവർക്കും സഹായകരമായ ശ്രമദാനത്തിനായി ചെലവഴിച്ചു.

കുണ്ടും കുഴിയുമായ ബീനാച്ചി–പനമരം നിരത്തിലെ ഒരു കിലോമീറ്റർ കുഴി നികത്താനാണ് അരിവയൽപ്രദേശത്തെ ഒരുകൂട്ടം യുവാക്കൾ ചെലവിട്ടത്.

# അഗസ്ത്യവനം പദ്ധതി സ്റ്റേ ചെയ്തു

സ്വന്തം ലേഖകൻ

കൊച്ചി: വനം വകുപ്പിന്റെ അഗസ്ത്യവനം ബയലോജിക്കൽ പാർക്ക് പദ്ധതി ഹൈക്കോടതി സ്റ്റേ ചെയ്തു.

വനസംരക്ഷണ, വന്യജീവി സംരക്ഷണ നിയമങ്ങൾ പ്രകാരം പദ്ധതിക്കു കേന്ദ്രത്തിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ലെന്നു ബോധിപ്പിക്കപ്പെട്ടതിനെത്തുടർന്നു ചീഫ് ജസ്റ്റിസ് എം. ജഗന്നാഥ റാവു, ജസ്റ്റിസ് കെ. ശ്രീധരൻ എന്നിവരുടെ ഡിവിഷൻ ബഞ്ചാണു സ്റ്റേ ഉത്തരവു പുറപ്പെടുവിച്ചത്.

തിരുവനന്തപുരം കനകക്കുന്നു ലെയ്നിൽ റീതാ നിവാസിൽ ആർ. സരോജിനിയും മക്കളും സമർപ്പിച്ച റിട്ട് അപ്പീലിലാണ് ഈ നടപടി.

തിരുവനന്തപുരം ജില്ലയിൽ കോട്ടൂർ റിസർവ് പ്രദേശത്ത് അഗസ്ത്യവനം ബയലോജിക്കൽ പാർക്ക് സ്ഥാപിക്കാനായി തങ്ങളുടെ എസ്റ്റേറ്റ് അക്വയർ ചെയ്യുന്നതിനെതിരായാണു സരോജിനിയും മറ്റും ഹർജി സമർപ്പിച്ചത്.

സിംഗിൾ ബഞ്ച് അതു തള്ളിയതിനെതിരായാണ് അപ്പീൽ.

പദ്ധതിക്കു കേന്ദ്രത്തിന്റെ മുൻകൂർ അനുമതി വേണ്ടതില്ലെന്ന സംസ്ഥാന സർക്കാർ വാദം ഖണ്ഡിച്ചു കേന്ദ്ര വനം പരിസ്ഥിതി മന്ത്രി കമൽനാഥിന്റെ ജൂലൈ ഏഴിലെ കത്തിന്റെ കോപ്പി ഹർജിക്കാർ ഹാജരാക്കി.

സംസ്ഥാന വനം മന്ത്രി കെ. പി. വിശ്വനാഥന് അയച്ച പ്രസ്തുത കത്തിൽ കേന്ദ്ര അംഗീകാരമില്ലാതെ പദ്ധതിയുമായി നീങ്ങുന്നത് അനുചിതമാണെന്നു കമൽനാഥ് വ്യക്തമാക്കിയിട്ടുണ്ട്.

ഇപ്രകാരം അനുമതി തേടാൻ ഉദ്യോഗസ്ഥരോടു നിർദേശിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ കത്തിന്റെ വെളിച്ചത്തിലാണു സ്റ്റേ. ഒന്നുകിൽ ഇതിൽ പറയുന്ന കാര്യങ്ങൾ നടപ്പാക്കിയെന്നു ബോധ്യപ്പെടുത്തിയാലോ അല്ലെങ്കിൽ പ്രസ്തുത കത്തു പിൻവലിപ്പിച്ച ശേഷമോ മാത്രമേ ഇനി പ്രശ്നം പുനഃപരിശോധിക്കുകയുള്ളൂവെന്നും ഡിവിഷൻ ബഞ്ച് വ്യക്തമാക്കി.

1993 സെപ്തംബർ 11 ശനി

# ചുരത്തിലെ മരംമുറിക്കെതിരേ വ്യാപകമായ പ്രതിഷേധം

കൽപ്പറ്റ: വയനാട് ചുരത്തിനു മുകളിൽ എട്ടാം വളവിനോടു ചേർന്ന മീനാക്ഷി സുന്ദരം എസ്റ്റേറ്റിൽ മരംമുറിച്ചതിനെതിരേ വ്യാപകമായ പ്രതിഷേധം ഉയരുന്നു.

ചുരത്തിനു സമീപമുള്ള മരം മുറി ശാശ്വതമായി തടയുക, മുറിച്ചിട്ട മരങ്ങൾ സർക്കാർ കണ്ടുകെട്ടുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സർവകക്ഷി ആക്ഷൻ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ ജനങ്ങൾ വൈത്തിരി താലൂക്ക് ഓഫിസ് പടിക്കൽ ധർണ നടത്തി. വൈത്തിരി പഞ്ചായത്ത് പ്രസിഡൻറ് ടി. എം. ഉസ്മാൻ ഉദ്ഘലാടനം ചെയ്തു. ആക്ഷൻ കൗൺസിൽ കൺവീനർ സി. കെ. ശിവരാമൻ, കോൺഗ്രസ്--ഐ. മണ്ഡലം പ്രസിഡൻറ് കെ. പി. ആൻറണി, സി. പി. ഐ.-എം. ജില്ലാ കമ്മിറ്റി അംഗം പി. ഗഗാറിൻ, ജില്ലാ കൗൺസിലർ എം. ജനാർദനൻ, ബി. ജെ. പി. മണ്ഡലം പ്രസിഡൻറ് എം. എൻ. വാസു, ജനതാദൾ പഞ്ചായത്ത് കമ്മിറ്റി ചെയർമാൻ കെ. കെ. ദാസൻ, കേരള കോൺഗ്രസ്-എം. മണ്ഡലം പ്രസിഡൻറ് പി. വി. ആൻറണി, വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ, കെ. വടുവൻകുട്ടി-കോൺഗ്രസ്-എസ്. പ്രസംഗിച്ചു.

വയനാട് ചുരത്തിനു ഭീഷണി ഉയർത്തി നടക്കുന്ന മരം മുറി ശാശ്വതമായി തടയുന്നതിനു ചുരത്തോടു ചേർന്ന പ്രദേശങ്ങൾ ഗവൺമെൻറ് ഏറ്റെടുത്തു സംരക്ഷിക്കണമെന്ന് സർവകക്ഷി ആക്ഷൻ കൗൺസിൽ ആവശ്യപ്പെട്ടു. അനധികൃത മരം മുറിക്കു കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരേ ശിക്ഷണ നടപടി സ്വീകരിക്കണം. ശക്തമായ പ്രക്ഷോഭങ്ങൾ സംഘലടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ 12-നു ലക്കിടി ഗവ. എൽ. പി. സ്കൂളിൽ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക-പരിസ്ഥിതി പ്രവർത്തകരുടെ വിപുലമായ കൺവൻഷൻ ചേരുമെന്നും ഭാരവാഹികൾ അറിയിച്ചു.

മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ അനധികൃത മരം മുറിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് കേന്ദ്ര ഫോറസ്റ്റ് വിജിലൻസ് ചീഫ് കൺസർവേറ്റർക്ക് വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ അയച്ച കമ്പിസന്ദേശത്തിൽ ആവശ്യപ്പെട്ടു.

സാമൂഹ്യ വനവൽക്കരണത്തിനായി ലോക ബാങ്കിൽനിന്നു കോടികൾ കടം എടുക്കുന്നതിനു പകരം ഭൂവിനിയോഗ നിയമവും വൃക്ഷ സംരക്ഷണ നിയമവും ലംഘലിച്ചു വനഹത്യ നടത്തുന്നതും നടത്തിയതുമായ സ്ഥലങ്ങൾ സർക്കാർ പിടിച്ചെടുക്കണം. ഉദ്യോഗസ്ഥരുടെകൂടി സഹായം അനധികൃത മരം മുറിക്ക് ഉണ്ടായിട്ടുണ്ടെന്നും വയനാട് പ്രകൃതി സംരക്ഷണ സമിതി വ്യക്തമാക്കി.

ചുരത്തിനു മുകളിൽ മീനാക്ഷിസുന്ദരം എസ്റ്റേറ്റിൽ അനധികൃത മരം മുറിക്ക് കൂട്ടുനിന്ന റവന്യൂ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് വിശദമായ അന്വേഷണം നടത്തണമെന്ന് കോൺഗ്രസ്-ഐ. വൈത്തിരി ബ്ളോക്ക് പ്രസിഡൻറ് ഡി. സുരേഷ് ആവശ്യപ്പെട്ടു. മുറിച്ചിട്ട മരം പിടിച്ചെടുക്കുകയും മുറിപ്പിച്ചവർക്കെതിരേ കർശന നടപടി സ്വീകരിക്കുകയും വേണം.

റവന്യൂ-വനം-പൊലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെയാണ് മീനാക്ഷീസുന്ദരം എസ്റ്റേറ്റിൽ അനധികൃത മരംമുറി നടന്നതെന്ന് നീതിപൂർവകമായൊരന്വേഷണം നടത്തിയാൽ വ്യക്തമാവും. മരം മുറിക്ക് തെരഞ്ഞെടുത്ത സമയം തന്നെ ഇതിനു തെളിവാണ്. വയനാട്ടിൽ കഴിഞ്ഞ ഒരു വർഷമായി വ്യാപകമായ വനംകൊള്ള നടക്കുകയാണ്. ഇതിനെതിരേ പരാതി അയച്ചാൽ ഉന്നത തലങ്ങളിൽ പൂഴ്ത്തിവക്കുകയാണ്.

നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന വയനാട് ചുരത്തിൻെറ പൂർണമായ തകർച്ചയ്ക്ക് ഇടവരുത്തുന്ന വനംകൊള്ളയ്ക്കെതിരേ ശക്തമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി തന്നെ നേരിട്ട് ഇടപെടണമെന്ന് വൈത്തിരി ബ്ളോക്ക് കോൺഗ്രസ്--ഐ പ്രസിഡൻറ് ആവശ്യപ്പെട്ടു.


ചുരത്തിനു മുകളിൽ മീനാക്ഷിസുന്ദരം എസ്റ്റേറ്റിൽ അനധികൃതമായി മുറിച്ചിട്ട മരങ്ങൾ കസ്റ്റഡയിലെടുക്കുക, മരം മുറിക്ക് ഒത്താശ ചെയ്ത ഉദ്യോഗസ്ഥർക്കെതിരേ നടപടി സ്വീകരിക്കുക, ചുരത്തിൻെറ സമീപ പ്രദേശങ്ങൾ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് പ്രക്ഷോഭം ആരംഭിക്കാൻ ജനകീയ വനം സംരക്ഷണ സമിതി തീരുമാനിച്ചു.

ഇതിനിടെ വയനാട് ചുരത്തിൻെറ നിലനിൽപ്പിന് ഭീഷണി ഉയർത്തി മുറിച്ചിട്ട മരങ്ങൾ കടത്താൻ അനുമതി വേണമെന്നും അവശേഷിക്കുന്ന മരങ്ങൾ മുറിക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഒരുപറ്റം ആളുകൾ കലക്ടറേറ്റിലേയ്ക്കു നടത്തിയ പ്രകടനത്തിന് നേരേ കല്ലേറുണ്ടായി. പ്രകടനക്കാരിൽ ഒരാൾക്ക് നിസ്സാര പരുക്കുപറ്റി.

ചുരത്തിൽ എട്ടാം വളവിനോടു ചേർന്ന് 1012 വൻ മരങ്ങളാണ് അനധികൃതമായി മുറിച്ചിട്ടുള്ളത്. ഇതിനെതിരേ ജില്ലയിലെ രാഷ്ട്രീയ-സാമൂഹ്യ-പരിസ്ഥിതി സംഘലടനകളെല്ലാം പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും ഉയർത്തിയിട്ടുള്ള സാഹചര്യത്തിലാണ് മരം മുറിക്കനുകൂലമായി ഒരുവിഭാഗം ആളുകളുടെ രംഗപ്രവേശം. ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി മരം മുറി തുടരണമെന്നാണിവരുടെ വാദം

കെ. പി. അബ്ദുൽഖാദർ, സി. കെ. സുരേന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രകടനം. അനധികൃത മരം മുറിയെ എതിർക്കുന്നവർക്കെതിരേയും പത്രക്കാർക്കു നേരേയും സഭ്യേതര മുദ്രാവാക്യങ്ങളും പ്രകടനക്കാർ വിളിച്ചിരുന്നു.

വയനാട് ചുരത്തിൻെറ നിലനിൽപ്പ് കാംക്ഷിക്കുകയും അനധികൃത മരം മുറയിലൂടെയുള്ള മരുവൽക്കരണത്തെ എതിർക്കുകയും ചെയ്യുന്നവരെ വെല്ലുവിളിച്ചുകൊണ്ട് എന്താഭാസവും നടത്താമെന്നതിന് തെളിവാണ് മരംമുറിക്കാർക്ക് വേണ്ടി നടന്ന പ്രകടനമെന്ന് ഡി. വൈ. എഫ്. ഐ. ജില്ലാ എക്സിക്യൂട്ടീവ് കുറ്റപ്പെടുത്തി. ജനാധിപത്യത്തിൻെറ മറവിൽ തോന്ന്യാസങ്ങൾ അരങ്ങേറാമെന്ന മരം ലോബിയുടെ ധിക്കാരത്തിന് കടിഞ്ഞാണിടണമെന്നും ഡി. വൈ. എഫ്. ഐ. അഭ്യർഥിച്ചു.



വയനാട് ചുരത്തിനു മുകളിൽ മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ അനധികൃത മരംമുറിക്കെതിരേ സർവകക്ഷി ആക്ഷൻ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ വൈത്തിരി താലൂക്ക് ഓഫിസിനു മുമ്പിൽ നടത്തിയ ധർണ പഞ്ചായത്ത് പ്രസിഡൻറ് ടി. എം. ഉസ്മാൻ ഉദ്ഘലാടനം ചെയ്യുന്നു.

# ചുരത്തിലെ മരംമുറിക്കെതിരേ വ്യാപകമായ പ്രതിഷേധം

കൽപ്പറ്റ: വയനാട് ചുരത്തിനു മുകളിൽ എട്ടാം വളവിനോടു ചേർന്ന മീനാക്ഷി സുന്ദരം എസ്റ്റേറ്റിൽ മരംമുറിച്ചതിനെതിരേ വ്യാപകമായ പ്രതിഷേധം ഉയരുന്നു.

ചുരത്തിനു സമീപമുള്ള മരം മുറി ശാശ്വതമായി തടയുക, മുറിച്ചിട്ട മരങ്ങൾ സർക്കാർ കണ്ടുകെട്ടുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സർവകക്ഷി ആക്ഷൻ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ ജനങ്ങൾ വൈത്തിരി താലൂക്ക് ഓഫീസ് പടിക്കൽ ധർണ നടത്തി. വൈത്തിരി പഞ്ചായത്ത് പ്രസിഡൻറ് ടി. എം. ഉസ്മാൻ ഉദ്ഘാടനം ചെയ്തു. ആക്ഷൻ കൗൺസിൽ കൺവീനർ സി. കെ. ശിവരാമൻ, കോൺഗ്രസ്--ഐ. മണ്ഡലം പ്രസിഡൻറ് കെ. പി. ആൻറണി, സി. പി. ഐ.-എം. ജില്ലാ കമ്മിറ്റി അംഗം പി. ഗഗാറിൻ, ജില്ലാ കൗൺസിലർ എം. ജനാർദനൻ, ബി. ജെ. പി. മണ്ഡലം പ്രസിഡൻറ് എം. എൻ. വാസു, ജനതാദൾ പഞ്ചായത്ത് കമ്മിറ്റി ചെയർമാൻ കെ. കെ. ദാസൻ, കേരള കോൺഗ്രസ്-എം. മണ്ഡലം പ്രസിഡൻറ് പി. വി. ആൻറണി, വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ, കെ. വടുവൻകുട്ടി-കോൺഗ്രസ്-എസ്. പ്രസംഗിച്ചു.

വയനാട് ചുരത്തിനു ഭീഷണി ഉയർത്തി നടക്കുന്ന മരം മുറി ശാശ്വതമായി തടയുന്നതിനു ചുരത്തോടു ചേർന്ന പ്രദേശങ്ങൾ ഗവൺമെൻറ് ഏറ്റെടുത്തു സംരക്ഷിക്കണമെന്ന് സർവകക്ഷി ആക്ഷൻ കൗൺസിൽ ആവശ്യപ്പെട്ടു. അനധികൃത മരം മുറിക്കു കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരേ ശിക്ഷണ നടപടി സ്വീകരിക്കണം. ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ 12-നു ലക്കിടി ഗവ. എൽ. പി. സ്കൂളിൽ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക-പരിസ്ഥിതി പ്രവർത്തകരുടെ വിപുലമായ കൺവൻഷൻ ചേരുമെന്നും ഭാരവാഹികൾ അറിയിച്ചു.

മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ അനധികൃത മരം മുറിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് കേന്ദ്ര ഫോറസ്റ്റ് വിജിലൻസ് ചീഫ് കൺസർവേറ്റർക്ക് വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ അയച്ച കമ്പിസന്ദേശത്തിൽ ആവശ്യപ്പെട്ടു.

സാമൂഹ്യ വനവൽക്കരണത്തിനായി ലോക ബാങ്കിൽനിന്നു കോടികൾ കടം എടുക്കുന്നതിനു പകരം ഭൂവിനിയോഗ നിയമവും വൃക്ഷ സംരക്ഷണ നിയമവും ലം ലിച്ചു വനഹത്യ നടത്തുന്നതും നടത്തിയതുമായ സ്ഥലങ്ങൾ സർക്കാർ പിടിച്ചെടു ണെം. ഉദ്യോഗസ്ഥരുടെകൂടി സഹായം അനധികൃത മരം മുറിക്ക് ഉണ്ടായിട്ടുണ്ടെ ും വയനാട് പ്രകൃതി സംരക്ഷണ സമിതി വ്യക്തമാക്കി.

ചുരത്തിനു മുകളിൽ മീനാക്ഷിസുന്ദരം എസ്റ്റേറ്റിൽ അനധികൃത മരം മുറിക്ക് ൂട്ടുനിന്ന റവന്യൂ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് വിശദമായ ന്വേഷണം നടത്തണമെന്ന് കോൺഗ്രസ്-ഐ. വൈത്തിരി ബ്ളോക്ക് പ്രസിഡൻറ് . സുരേഷ് ആവശ്യപ്പെട്ടു. മുറിച്ചിട്ട മരം പിടിച്ചെടുക്കുകയും മുറിപ്പിച്ചവർക്കെതി- കർശന നടപടി സ്വീകരിക്കുകയും വേണം.

റവന്യൂ-വനം-പൊലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെയാണ് മീനാക്ഷീസുന്ദരം എസ്റ്റേറ്റിൽ അനധികൃത മരംമുറി നടന്നതെന്ന് നീതിപൂർവകമായൊരന്വേഷണം നടത്തിയാൽ വ്യക്തമാവും. മരം മുറിക്ക് തെരഞ്ഞെടുത്ത സമയം തന്നെ ഇതിനു തെളിവാണ്. വയനാട്ടിൽ കഴിഞ്ഞ ഒരു വർഷമായി വ്യാപകമായ വനംകൊള്ള നടക്കുകയാണ്. ഇതിനെതിരേ പരാതി അയച്ചാൽ ഉന്നത തലങ്ങളിൽ പൂഴ്ത്തിവക്കുകയാണ്.

നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന വയനാട് ചുരത്തിൻെറ പൂർണമായ തകർച്ചയ്ക്ക് ഇടവരുത്തുന്ന വനംകൊള്ളയ്ക്കെതിരേ ശക്തമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി തന്നെ നേരിട്ട് ഇടപെടണമെന്ന് വൈത്തിരി ബ്ളോക്ക് കോൺഗ്രസ്--ഐ പ്രസിഡൻറ് ആവശ്യപ്പെട്ടു.


ചുരത്തിനു മുകളിൽ മീനാക്ഷിസുന്ദരം എസ്റ്റേറ്റിൽ അനധികൃതമായി മുറിച്ചിട്ട മരങ്ങൾ കസ്റ്റഡയിലെടുക്കുക, മരം മുറിക്ക് ഒത്താശ ചെയ്ത ഉദ്യോഗസ്ഥർക്കെതിരേ നടപടി സ്വീകരിക്കുക, ചുരത്തിൻെറ സമീപ പ്രദേശങ്ങൾ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് പ്രക്ഷോഭം ആരംഭിക്കാൻ ജനകീയ വനം സംരക്ഷണ സമിതി തീരുമാനിച്ചു.

ഇതിനിടെ വയനാട് ചുരത്തിൻെറ നിലനിൽപ്പിന് ഭീഷണി ഉയർത്തി മുറിച്ചിട്ട മരങ്ങൾ കടത്താൻ അനുമതി വേണമെന്നും അവശേഷിക്കുന്ന മരങ്ങൾ മുറിക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഒരുപറ്റം ആളുകൾ കലക്ടറേറ്റിലേയ്ക്കു നടത്തിയ പ്രകടനത്തിന് നേരേ കല്ലേറുണ്ടായി. പ്രകടനക്കാരിൽ ഒരാൾക്ക് നിസ്സാര പരുക്കുപറ്റി.

ചുരത്തിൽ എട്ടാം വളവിനോടു ചേർന്ന് 1012 വൻ മരങ്ങളാണ് അനധികൃതമായി മുറിച്ചിട്ടുള്ളത്. ഇതിനെതിരേ ജില്ലയിലെ രാഷ്ട്രീയ-സാമൂഹ്യ-പരിസ്ഥിതി സംഘടനകളെല്ലാം പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും ഉയർത്തിയിട്ടുള്ള സാഹചര്യത്തിലാണ് മരം മുറിക്കനുകൂലമായി ഒരുവിഭാഗം ആളുകളുടെ രംഗപ്രവേശം. ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി മരം മുറി തുടരണമെന്നാണിവരുടെ വാദം

കെ. പി. അബ്ദുൽഖാദർ, സി. കെ. സുരേന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രകടനം. അനധികൃത മരം മുറിയെ എതിർക്കുന്നവർക്കെതിരേയും പത്രക്കാർക്കു നേരേയും സഭ്യേതര മുദ്രാവാക്യങ്ങളും പ്രകടനക്കാർ വിളിച്ചിരുന്നു.

വയനാട് ചുരത്തിൻെറ നിലനിൽപ്പ് കാംക്ഷിക്കുകയും അനധികൃത മരം മുറയിലൂടെയുള്ള മരുവൽക്കരണത്തെ എതിർക്കുകയും ചെയ്യുന്നവരെ വെല്ലുവിളിച്ചുകൊണ്ട് എന്താഭാസവും നടത്താമെന്നതിന് തെളിവാണ് മരംമുറിക്കാർക്ക് വേണ്ടി നടന്ന പ്രകടനമെന്ന് ഡി. വൈ. എഫ്. ഐ. ജില്ലാ എക്സിക്യൂട്ടീവ് കുറ്റപ്പെടുത്തി. ജനാധിപത്യത്തിൻെറ മറവിൽ തോന്ന്യാസങ്ങൾ അരങ്ങേറാമെന്ന മരം ലോബിയുടെ ധിക്കാ ത്തിന് കടിഞ്ഞാണിടണമെന്നും ഡി. വൈ. എഫ്. ഐ. അഭ്യർഥിച്ചു.



വയനാട് ചുരത്തിനു മുകളിൽ മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ അനധികൃത മരംമുറിക്കെതിരേ സർവകക്ഷി ആക്ഷൻ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ വൈത്തിരി താലൂക്ക് ഓഫിസിനു മുമ്പിൽ നടത്തിയ ധർണ പഞ്ചായത്ത് പ്രസിഡൻറ് ടി. എം. ഉസ്മാൻ ഉദ്ഘാടനം ചെയ്യുന്നു.

മംഗളം
1993 സെപ്റ്റംബർ 10 വെള്ളി



# ചുരത്തിൽ മുറിച്ച മരം കടത്താൻ നീക്കം

സ്വന്തം ലേഖകൻ

കൽപ്പറ്റ: വയനാട് ചുരത്തിലെ എട്ടാം വളവിനു മുകളിൽ നിന്ന് ഓണാവധി ദിവസങ്ങളിൽ മുറിച്ച മരങ്ങൾ കടത്താൻ ശ്രമം ആരംഭിച്ചു.

തികച്ചും ആസൂത്രിതമായി ചില റവന്യൂ ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെ മുറിച്ച മരങ്ങൾ കടത്തുന്നതിനായി മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ 42 ഏക്കർ 23 സെൻറ് ഭൂമിയുടെ ഉടമകളുടെ മുക്ത്യാർ ഏജൻറ് ഷാജി വൈത്തിരി താലൂക്ക് തഹസിൽദാർ വഴി ജില്ലാ കലക്ടറുടെ അനുമതി തേടിയിട്ടുണ്ട്.

ചുരത്തിലെ മരംമുറി ഏറെ കോളിളക്കം സൃഷ്ടിച്ചിരിക്കെ മരം കടത്തിക്കൊണ്ടു പോകുന്നത് സംബന്ധിച്ച് റവന്യൂ മന്ത്രിയുടെ ഓഫീസിൽ നിന്ന് ജില്ലാ കലക്ടർക്ക് ചില നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായും വിവരമുണ്ട്. സെപ്റ്റംബർ ഏഴിന് വൈകിട്ടാണ് റവന്യൂ മന്ത്രിയുടെ ഓഫീസിൽ നിന്ന് കലക്ടർക്ക് ടെലിഫോൺ സന്ദേശം വന്നത്. ഇതുസംബന്ധിച്ച് കൂടുതലൊന്നും പറയാൻ ജില്ലാ കലക്ടർ എസ്. സുബ്ബയ്യ തയാറായിട്ടില്ല.

അതേസമയം മരങ്ങൾ കണ്ടുകെട്ടാൻ സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മരം റവന്യൂ വകുപ്പ് ഏറ്റെടുക്കാതിരിക്കാനും കടത്തിക്കൊണ്ടുപോകുന്നത് തടയാതിരിക്കാനും നിർദ്ദേശിച്ചുകൊണ്ടുള്ളതാണ് മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള ടെലിഫോൺ സന്ദേശമെന്നാണ് അറിയുന്നത്.

നിലവിലുള്ള നിയമപ്രകാരം കാപ്പി രജിസ്ട്രേഷനുള്ള ഒരു ഹെക്ടറിലധികം വരുന്ന ഭൂമിയിൽ നിന്ന് മരം മുറിക്കണമെങ്കിൽ വനംവകുപ്പിൻെറ അനുമതി വാങ്ങണം. മരംമുറിച്ച എസ്റ്റേറ്റിൽ നിന്ന് ഇതിനായി പാസ് അനുവദിച്ച് നൽകിയിട്ടില്ലെന്ന് വനംവകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ കെ.പി.ടി. ആക്ട് (1) പ്രകാരം മരംമുറിച്ചത് കുറ്റകരമാണ്.

അവധി ദിവസങ്ങളിൽ ചുരത്തിൽ മുറിച്ച മരങ്ങൾ കടത്താൻ ഒരു കാരണവശാലും അനുവദിക്കില്ലെന്ന് സർവകക്ഷി ആക്ഷൻ കൗൺസിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മുറിച്ചിട്ട മരങ്ങൾ ചെറിയ കഷണങ്ങളാക്കുന്നതും ചില്ലകൾ വെട്ടി കടത്താൻ യോഗ്യമാക്കുന്നതും എന്ത് വിലകൊടുത്തും തടയാനാണ് ആക്ഷൻ കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്. മരം കടത്താൻ റവന്യൂ വകുപ്പോ വനംവകുപ്പോ അനുമതി നൽകുന്ന പക്ഷം വയനാട്ടിൽ നിന്ന് ചുരം വഴി പോകുന്ന മരം കയറ്റിയ എല്ലാ ലോറികളും തടയാൻ ഡി.വൈ.എഫ്.ഐ. തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുരത്തിലെ മരങ്ങൾ കടത്താനുള്ള ശ്രമം ലക്കിടിയിലും ചുരം റോഡിലും സംഘർഷത്തിന് വരെ ഇടനൽകുമെന്ന് ഉറപ്പായിരിക്കുകയാണ്.

ചുരത്തിലെ മരംമുറിക്കെതിരെ രൂപീകരിച്ച സർവകക്ഷി ആക്ഷൻ കൗൺസിലിൻെറ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന പ്രക്ഷോഭ പരിപാടികളുടെ ഭാഗമായി ഇന്ന് വൈത്തിരി താലൂക്ക് ഓഫീസിനു മുന്നിൽ ധർണ നടക്കുന്നുണ്ട്.

# മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ മരംമുറി: ജനരോഷം ഇരമ്പുന്നു

കൽപ്പറ്റ: വൈത്തിരി ചുരത്തിൽ എട്ടാം വളവിനു മുകളിലുള്ള മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ മരംമുറി ശാശ്വതമായി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടും മുറിച്ചിട്ട മരങ്ങൾ സർക്കാർ കണ്ടുകെട്ടണമെന്നാവശ്യപ്പെട്ടും സർവകക്ഷി ആക്ഷൻ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ തദ്ദേശവാസികൾ വൈത്തിരി താലൂക്ക് ഓഫീസിനു മുമ്പിൽ ധർണ നടത്തി.

വൈത്തിരി പഞ്ചായത്ത് ഓഫീസ് പരിസരത്തുനിന്നും ജാഥയായി എത്തിയാണ് ജനങ്ങൾ താലൂക്ക് ഓഫീസ് പരിസരത്ത് ധർണ നടത്തിയത്. ധർണ വൈത്തിരി പഞ്ചായത്ത് പ്രസിഡൻറ് ടി.എം. ഉസ്മാൻ ഉദ്ഘാടനം ചെയ്തു. ആക്ഷൻ കൗൺസിൽ കൺവീനർ സി.കെ. ശിവരാമൻ, കോൺഗ്രസ്(ഐ) മണ്ഡലം പ്രസിഡൻറ് കെ.പി. ആൻറണി, സി.പി.ഐ.(എം) ജില്ലാ കമ്മിറ്റി അംഗം പി. ഗഗാറിൻ, എം. ജനാർദ്ദനൻ എം.ഡി.സി, ബി.ജെ.പി. മണ്ഡലം പ്രസിഡൻറ് എം.എൻ. വാസു മാസ്റ്റർ, ജനതാദൾ പഞ്ചായത്ത് ചെയർമാൻ കെ.കെ. ദാസൻ, കേരള കോൺഗ്രസ് (എം) പഞ്ചായത്ത് ചെയർമാൻ പി.വി. ആൻറണി, കോൺഗ്രസ്(എസ്) നേതാവ് കെ. വടുവൻകുട്ടി, തോമസ് അമ്പലവയൽ എന്നിവർ പ്രസംഗിച്ചു.

ചുരം മേഖലയിലെ മരംമുറി ശാശ്വതമായി തടയുന്നതിനു ആ പ്രദേശം ഗവൺമെൻറ് ഏറ്റെടുത്ത് സംരക്ഷിക്കണമെന്നും അനധികൃത മരംമുറിക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരേ കർശന നടപടികൾ സ്വീകരിക്കണമെന്നും പ്രാസംഗികർ ആവശ്യപ്പെട്ടു. തുടർന്ന് നടത്തുന്ന പ്രക്ഷോഭ പരിപാടികളെക്കുറിച്ച് ആലോചിക്കാനായി ഞായറാഴ്ച ലക്കിടി എൽ.പി. സ്കൂളിൽ വച്ച് എല്ലാ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പരിസ്ഥിതി പ്രവർത്തകരുടേയും നാട്ടുകാരുടേയും യോഗം ചേരുന്നതിനും തീരുമാനിച്ചു.

അതേസമയം, മീനാക്ഷി സുന്ദരം എസ്റ്റേറ്റിൽ മുറിച്ച മരങ്ങൾ കടത്തിക്കൊണ്ടുപോകാൻ ഉടമകളെ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്ന ബാനറുമായി ആദിവാസികളടക്കമുള്ള എഴുപതോളം പേർ വൈത്തിരിയിൽ നിന്ന് ജില്ലാ കലക്ടറേറ്റിലേക്ക് ഇന്നലെ മാർച്ച് നടത്തി.

നൂറുരൂപ മുതൽ 150 രൂപ വരെ നൽകി വിലയ്ക്കെടുത്തവരെ ഉപയോഗിച്ചാണ് മരം കടത്തുന്നതിനുവേണ്ടി മാർച്ച് നടത്തിയത്. ഈ ആവശ്യം സംബന്ധിച്ച നിവേദനം അവർ കലക്ടർക്കു നൽകി.

അമ്പതോളം ആദിവാസികൾ മാർച്ച് കൽപ്പറ്റയിലെത്തുമ്പോൾ ഉണ്ടായിരുന്നു. മാർച്ചിനു നേരേ വെള്ളാരംകുന്നിൽ വച്ച് കല്ലേറുണ്ടായി.

ചുരത്തിനു മുകളിൽ അനധികൃതമായി മുറിച്ച മരങ്ങൾ കടത്താൻ ആദിവാസികളെ ഉപയോഗിച്ച് പ്രകടനം നടത്തിയതിൽ ശാസ്ത്രസാഹിത്യപരിഷത്ത് ജില്ലാ സെക്രട്ടറി സി.കെ. ശിവരാമൻ, പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ എന്നിവർ പ്രതിഷേധിച്ചു.

ആദിവാസികളെ പണംകൊടുത്ത് തെരുവിലിറക്കി ചൂഷണം ചെയ്ത സംഭവത്തിൽ വയനാട് വനവിഭവ സംരക്ഷണസമിതി ശക്തിയായി അമർഷം പ്രകടിപ്പിച്ചു.

ലക്കിടി മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ മരം ലോബി പണവും സ്വാധീനവുമുപയോഗിച്ച് സമ്മർദ്ദ തന്ത്രങ്ങൾ പയറ്റുന്നത് തിരിച്ചറിയണമെന്ന് വയനാട് പ്രകൃതി സംരക്ഷണസമിതി ആവശ്യപ്പെട്ടു.

കുപ്രസിദ്ധ കാട്ടുകൊള്ളക്കാരൻ വീരപ്പൻെറ തന്ത്രങ്ങളുപയോഗിച്ചാണ് മുറിച്ചിട്ട മരങ്ങൾ നീക്കം ചെയ്യാനനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഇക്കൂട്ടർ കലക്ടറേറ്റ് പടിക്കൽ ധർണ നടത്തിയത്.

മീനാക്ഷിസുന്ദരം എസ്റ്റേറ്റിലെ മരംമുറി തുടങ്ങിയ ഓഗസ്റ്റ് 28-നുതന്നെ പ്രകൃതി സംരക്ഷണ സമിതിയടക്കമുള്ള സംഘടനകൾ ബന്ധപ്പെട്ട അധികാരികളോട് മരംമുറി തടയണമെന്നാവശ്യപ്പെട്ടുവെങ്കിലും കർശന നടപടികൾ സ്വീകരിക്കുന്നതിനുപിന്നിൽ ഉദ്യോഗസ്ഥരുമായി ഇക്കൂട്ടർക്കുള്ള അവിഹിതബന്ധം വെളിവാക്കുന്നു.

മീനാക്ഷിസുന്ദരം എസ്റ്റേറ്റിലെ മരംമുറിയെക്കുറിച്ച് അടിയന്തര വിജിലൻസ് അന്വേഷണം നടത്തണമെന്ന് കേന്ദ്രം ഫോറസ്റ്റ് വിജിലൻസ് ചീഫ് കൺസർവേറ്റർക്ക് വയനാട് പ്രകൃതി സംരക്ഷണസമിതി സെക്രട്ടറി തോമസ് അമ്പലവയൽ നിവേദനം നൽകിയിട്ടുണ്ട്.

വനഹത്യ നടത്തുന്നതും നടത്തിയതുമായ സ്ഥലങ്ങൾ സർക്കാർ നിരുപാധികം പിടിച്ചെടുക്കാനും സ്വാഭാവിക വനങ്ങൾ രൂപപ്പെട്ടുവരുന്നതിനുള്ള നടപടികൾ ഉണ്ടാക്കാനും നിയമലംഘകർക്ക് ജീവപര്യന്തത്തിൽ കുറയാത്ത ശിക്ഷ നൽകാനും പ്രാപ്തമായ നിയമനിർമ്മാണമുണ്ടാവണമെന്ന് ഇന്ത്യൻ പ്രധാനമന്ത്രി, കേരള മുഖ്യമന്ത്രി എന്നിവരോട് വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി നിവേദനത്തിൽ ആവശ്യപ്പെട്ടു.

ചുരത്തിനു മുകളിലെ അനധികൃത മരംമുറിക്കെതിരേ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് വയനാട് പ്രകൃതി സംരക്ഷണസമിതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് കുന്നത്തിടവക വില്ലേജിലെ ഏലത്തോട്ടങ്ങളിൽ ആയിരത്തിലധികം മരങ്ങളാണ് മുറിച്ചിരിക്കുന്നത്.

ഉദ്യോഗസ്ഥർ ഓണം അവധിയിൽ പ്രവേശിച്ചപ്പോൾ നടത്തിയ ഈ മരംമുറി ചുരം റോഡിനെ അപകടകരമാംവിധം ബാധിക്കുമെന്ന് വെള്ളപ്പൊക്കത്തിനും മണ്ണൊലിപ്പിനും കാരണമാവുമെന്നും നിവേദനത്തിൽ പറയുന്നു.


ലക്കിടിയിലെ മൈക്രോവേവ് സ്റ്റേഷനടക്കമുള്ള സംരക്ഷിത മേഖലയിലൂടെ ലോറികളും മറ്റും പ്രവേശിക്കുന്നത് തടയണമെന്നാവശ്യപ്പെട്ട് സമിതി ടെലികോം മാനേജർക്കും പരാതി നൽകി. ലക്കിടിയിൽ അനധികൃതമായി മുറിക്കുന്ന മരം ലോറികളിൽ മൈക്രോവേവ് സ്റ്റേഷൻ റോഡിലൂടെയാണ് കടത്തുന്നതെന്ന് പരാതിയിൽ ചൂണ്ടിക്കാട്ടി.

വൈത്തിരിക്കടുത്ത് ചുരത്തിനു മുകളിലുള്ള എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുക്കുകയും ചുരത്തിനു ഇരുവശവും 200 മീറ്റർ വീതിയിലെങ്കിലും സ്ഥലത്ത് യാതൊരുവിധ ഇടപെടലും നടത്താതിരിക്കുകയും ചെയ്യാൻ ജില്ലാ അധികൃതർ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ കമ്മിറ്റി അഭ്യർത്ഥിച്ചു.

## സംരക്ഷണസമിതി രൂപീകരിച്ചു

കൽപ്പറ്റ: ലക്കിടിയിൽ ചേർന്ന പുരോഗമന ജനാധിപത്യ വിശ്വാസികളുടെ യോഗം ജനകീയ വനം സംരക്ഷണസമിതിക്ക് രൂപം നൽകി.

ചുരത്തിനു മുകളിലെ മീനാക്ഷിസുന്ദരം എസ്റ്റേറ്റിലെ മരംമുറി ശാശ്വതമായി തടയുക, മരംമുറിക്ക് ഒത്താശ ചെയ്ത സർക്കാർ ഉദ്യോഗസ്ഥർക്കെതിരേ സർക്കാർ നടപടിയെടുക്കുക, മുറിച്ചിട്ട മരങ്ങൾ കണ്ടുകെട്ടുക, ചുരം മേഖല സ്ഥിരം സംരക്ഷിതമേഖലയായി പ്രഖ്യാപിക്കുക എന്നീ പ്രധാന മുദ്രാവാക്യങ്ങളുന്നയിച്ചുകൊണ്ട് ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചാരണം നടത്താനും ജനകീയ പ്രക്ഷോഭത്തിനു നേതൃത്വം നൽകുവാനും സമിതി തീരുമാനിച്ചു.



മീനാക്ഷിസുന്ദരം എസ്റ്റേറ്റിലെ മരം മുറിക്കെതിരെ വൈത്തിരി താലൂക്ക് ഓഫീസ് പടിക്കൽ നടന്ന ധർണ വൈത്തിരി പഞ്ചായത്ത് പ്രസിഡൻറ് കെ. ഉസ്മാൻ ഉദ്ഘാടനം ചെയ്യുന്നു

## മൃഗവേട്ട: രണ്ടുപേർ അറസ്റ്റിൽ

സുൽത്താൻബത്തേരി: കുറിച്യാട് റെയ്ഞ്ചിൽപെട്ട വണ്ടിക്കടവ് വനത്തിൽ മൃഗവേട്ടക്കിറങ്ങിയ രണ്ടുപേരെ വനപാലകർ കസ്റ്റഡിയിലെടുത്തു. ഇവരിൽ നിന്ന് വെടിക്കോപ്പുകളും പിടിച്ചെടുത്തിട്ടുണ്ട്.

വണ്ടിക്കടവ് പാട്ടുപാളയിൽ ഷിബു (18), കരിങ്കുളത്തിൽ ജോർജ്(24) എന്നിവരാണ് പിടിയിലായത്. ഇവരിൽ നിന്ന് രണ്ടു നിറതോക്ക്, ഹെഡ്ലൈറ്റ്, ഈയ ഉണ്ടകൾ, ഇരുമ്പു കമ്പി കഷണങ്ങൾ, 30 തിരകൾ എന്നിവ വനപാലകർ പിടിച്ചെടുത്തു.

## കുരുമുളകിന് ബോണസ്

മാതൃഭൂമി – 1993 സെപ്റ്റംബർ 10 ശനി

# ലക്കിടിയിലെ മരംമുറി; പ്രകടനം, കല്ലേറ്

കല്പറ്റ: ലക്കിടി ചുരത്തിനു സമീപത്തുള്ള എസ്റ്റേറ്റിൽനിന്നുള്ള മരം മുറി നാടകീയമായ സംഭവങ്ങൾക്കു വഴിതെളിക്കുന്നു. മരംമുറി ഓണത്തിന്റെ മറവിൽ നാടകീയമായിട്ടാണ് ഏതാനും ദിവസം കൊണ്ടു നടന്നത്. അതിനെതിരെ സർവ പാർട്ടികളിൽ നിന്നും പ്രതിഷേധം ഇപ്പോൾ ഉയരുന്നു.

സർവകക്ഷി ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വൈത്തിരി താലൂക്ക് ഓഫീസിനു മുമ്പിൽ വെള്ളിയാഴ്ച ധർണ നടന്നു. എന്നാൽ മരം മുറിച്ചവർ നാടകീയമായി ജാഥ കലക്ടറേറ്റിലേക്കു സംഘടിപ്പിച്ചിരുന്നു. മുറിച്ചിട്ട മരം വിട്ടുകൊടുക്കണം എന്നും ജില്ലാ ഭരണകൂടം നീതിപാലിക്കണമെന്നുമുള്ള മുദ്രാവാക്യവുമായിട്ടായിരുന്നു അവരുടെ പ്രകടനം കല്പറ്റയിലേക്ക് നീങ്ങിയത്. എന്നാൽ വെള്ളാരംകുന്നിനു സമീപത്തുവെച്ച് ഇതിനുനേരെ കല്ലേറുണ്ടായി. ഇതിൽ പലർക്കും പരിക്കുപറ്റി. കല്ലേറിൽ കുറെ പ്രകടനക്കാർ പിന്തിരിഞ്ഞു പോയി എങ്കിലും മറ്റുള്ളവർ ജാഥയായി കലക്ടറേറ്റിനു മുമ്പിൽ പിന്നീട് പ്രകടനം നടത്തി. മരം നീക്കം ചെയ്യാൻ അനുവദിക്കണമെന്ന് അവർ ഒരു നിവേദനവും കലക്ടർക്ക് നൽകി. നിയമാനുസൃതമായിട്ടാണ് മരം വെട്ടുന്നതെന്നായിരുന്നു അവരുടെ വാദം.

ലക്കിടി മീനാക്ഷി എസ്റ്റേറ്റിൽ മരം ലോബി പണവും സ്വാധീനവും ഉപയോഗിച്ച് സമ്മർദതന്ത്രങ്ങൾ നടത്തുന്നത് മനസ്സിലാക്കണമെന്ന് വയനാട് ജില്ലാ പ്രകൃതി സംരക്ഷണസമിതി സെക്രട്ടറി തോമസ് അമ്പലവയൽ അഭ്യർഥിച്ചു.

പണത്തിന്റെ മുഷ്ടിയിൽ വയനാട്ടിലെ ജനങ്ങളെ വെല്ലുവിളിക്കുന്ന രീതിയിലുള്ള മരം ലോബിയുടെ നീക്കം ചെറുക്കുമെന്നും, ലക്കിടിയിലെ സമരം കൂടുതൽ ശക്തിപ്പെടുത്തുമെന്നും ഡി.വൈ.എഫ്.ഐ. ജില്ലാ കമ്മിറ്റിയുടെ പ്രസ്താവനയിൽ പറഞ്ഞു.

മരം മുറി തടുക്കുന്നതിന് ലക്കിടിയിൽ ചേർന്ന ജനാധിപത്യ വിശ്വാസികളുടെ യോഗം ജനകീയ സംരക്ഷണസമിതിക്ക് രൂപം നൽകി. മുറിച്ചിട്ട മരങ്ങൾ കണ്ടുകെട്ടണം എന്ന് യോഗം ആവശ്യപ്പെട്ടു.

വൈത്തിരി ചുരത്തിൽ 8–ാം വളവിന് മുകളിലുള്ള മീനാക്ഷി സുന്ദരം എസ്റ്റേറ്റിലെ മരംമുറി ശാശ്വതമായി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടും മുറിച്ചിട്ട മരങ്ങൾ സർക്കാർ കണ്ടുകെട്ടണമെന്നാവശ്യപ്പെട്ടും സർവകക്ഷി ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജനങ്ങൾ വൈത്തിരി താലൂക്ക് ഓഫീസിനു മുമ്പിൽ ധർണ നടത്തി. വൈത്തിരി പഞ്ചായത്ത് ഓഫീസ് പരിസരത്തുനിന്നും ജാഥയായി എത്തിയാണ് ജനങ്ങൾ താലൂക്കാഫീസ് പരിസരത്ത് ധർണ നടത്തിയത്. ധർണ വൈത്തിരി പഞ്ചായത്ത് പ്രസി. ടി.എം. ഉസ്മാൻ ഉദ്ഘാടനം ചെയ്തു.

ആക്ഷൻ കൗൺസിൽ കൺവീനർ സി.കെ.ശിവരാമൻ കോൺ–ഐ മണ്ഡലം പ്രസി. കെ.പി.ആന്റണി, സിപിഐ–എം ജില്ലാ കമ്മിറ്റി അംഗം പി.ഗഗാറിൻ ജില്ലാ കൗൺസിലർ എം.ജനാർദനൻ, ബിജെപി മണ്ഡലം പ്രസി. എം.എൻ.വാസു മാസ്റ്റർ, ജനതാദൾ പഞ്ചായത്ത് ചെയർമാൻ കെ.കെ.ദാസൻ, കേരള കോൺഗ്രസ്–(എം) പഞ്ചായത്ത് ചെയർമാൻ പി.വി.ആന്റണി, കോൺഗ്രസ്–എസ് നേതാവ് കെ.വടുവൻകുട്ടി, തോമസ് അമ്പലവയൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടത്തുന്ന പ്രക്ഷോഭ പരിപാടികളെക്കുറിച്ച് ആലോചിക്കുന്നതിനായി ഞായറാഴ്ച ലക്കിടി ഗവ. എൽ.പി. സ്കൂളിൽ എല്ലാ രാഷ്ട്രീയ സാമൂഹ്യ സംസ്കാരിക, പരിസ്ഥിതി പ്രവർത്തകരുടെയും നാട്ടുകാരുടെയും യോഗം ചേരുന്നതിനും തീരുമാനിച്ചു.

## മുഖ്യമന്ത്രി ഇടപെടണം

വയനാട്ടിലെ മരംമുറി വ്യാപകമായി നടക്കുന്നതിനാൽ ഈ കാര്യത്തിൽ അടിയന്തരമായി മുഖ്യമന്ത്രി ഇടപെടണമെന്ന് വൈത്തിരി ബ്ലോക്ക് കോൺ. പ്രസിഡണ്ട്. ഡി.സുരേഷ് ആവശ്യപ്പെട്ടു.

മീനാക്ഷിസുന്ദരം എസ്റ്റേറ്റിൽ നടന്നുവരുന്ന വ്യാപകമായ മരംമുറിക്ക് കൂട്ടുനിന്ന റവന്യു–വനം ഉദ്യോഗസ്ഥന്മാരെ സസ്പെണ്ടുചെയ്ത് വിശദമായ അന്വേഷണം നടത്തണമെന്ന് സുരേഷ് പ്രസ്താവനയിൽ പറഞ്ഞു.

## പട്രോൾ ലീഡേഴ്സ് ക്യാമ്പ്

കല്പറ്റ: വയനാട് ജില്ല ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പനമരം ഗവ. ഹൈസ്കൂളിൽ സപ്തംബർ 14–ാം തീയതി രാവിലെ 10 മണി മുതൽ 4 മണി വരെ പട്രോൾ ലീഡേഴ്സിന് ഏകദിന ക്യാമ്പ് നടത്തുന്നു. യൂനിറ്റുള്ള സ്കൂളുകളിൽ നിന്നും സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ലീഡർമാരിൽ നാലു പേരെ യൂനിഫോം, ഉച്ചഭക്ഷണപ്പൊതി എന്നിവ സഹിതം പനമരം സ്കൂളിലേക്കയയ്ക്കണമെന്ന് ജില്ലാ സെക്രട്ടറി അറിയിച്ചു.

# ആദിവാസികൾക്ക് വൈദ്യസഹായം ഉടനടി ലഭ്യമാക്കണം

കൽപ്പറ്റ: വയനാട്ടിലെ ആദിവാസി സമൂഹം പട്ടിണിയുടെയും സാംക്രമിക രോഗങ്ങളുടെയും പിടിയിൽ അകപ്പെട്ടിരിക്കുന്നതിൽ നായ്ക്കട്ടി എപിക് ലൈബ്രറിയിൽ കൂടിയ സാമൂഹിക സാംസ്ക്കാരിക പ്രവർത്തകരുടെ യോഗം ഉൽകണ്ഠ പ്രകടിപ്പിച്ചു. ക്ഷയം, സിക്കിൽ സെൽ അനീമിയ എന്നീ മാറാരോഗങ്ങൾ പടർന്നു പിടിച്ചിട്ടുള്ള നൂൽപുഴ പഞ്ചായത്തിലെ ആദിവാസികൾക്ക് അടിയന്തിരമായി വൈദ്യസഹായവും പോഷകാഹാരവും നൽകാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്ന് യോഗം സർക്കാരിനോടാവശ്യപ്പെട്ടു.

നെന്മേനിക്കുന്നിലെ കരക്കപ്പള്ളി, കോളിപ്പള്ളി, കാക്കവയൽ, എന്നീ മൂന്ന് കോളനികളിൽ മാത്രം എട്ട് ആദിവാസികൾ ക്ഷയരോഗം മൂലം മരിക്കുകയുണ്ടായി. ഈ മൂന്ന് കോളനികളിൽ മാത്രം ഇപ്പോൾ 25 ക്ഷയ രോഗികളുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. പ്രാഥമിക ജീവിത സാഹചര്യങ്ങൾ പോലുമില്ലാതെ ഇവർ നരകിക്കുകയാണ്. ആദിവാസികോളനികളിലുള്ള ചാരായ ഷാപ്പുകൾ നീക്കം ചെയ്യുക, എല്ലാകോളനികളിലും രോഗ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുക, നൂൽപുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരെ നിയമിക്കുകയും മരുന്നുകളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ അടങ്ങുന്ന പ്രമേയം യോഗം അംഗീകരിച്ചു.

വയനാട് പ്രകൃതി സംരക്ഷണ സമിതി വിളിച്ചുചേർത്ത യോഗത്തിൽ എൻ. ബാദുഷ അധ്യക്ഷനായിരുന്നു. ആദിവാസികർ നേരിടുന്ന പ്രശ്നങ്ങൾ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ അവതരിപ്പിച്ചു. മുത്തങ്ങ ജി.എൽ.പി. സ്കൂളിൽ ഹെഡ്മാസ്റ്റർ പി.കെ. കുട്ടപ്പൻ, പഞ്ചായത്ത് മെമ്പർ എ. സുരേന്ദ്രൻ, ഉപഭോക്തൃ ഏകോപനസമിതി ജില്ലാ പ്രസിഡൻറ് അഡ്വ. ഏലിയാസ് പോൾ, ഫീൽഡ് പബ്ലിസിറ്റി ഓഫീസർ പി.കെ. ഉത്തമൻ, കെ.ബി. സുധാകരൻ, കെ. നാരായണൻ, എം.സി. ശ്രീധരൻ, എം. ഗോവിന്ദൻ, രാജൻ വെളുത്തുണ്ടികുന്ന് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

ആദിവാസികൾ ഇന്ന് നേരിടുന്ന അടിയന്തിര പ്രശ്നങ്ങളെ കുറിച്ച് പരിഹാരം തേടുന്നതിന് വേണ്ടി എ.കെ. അഹമ്മദ് അധ്യക്ഷനായി ആദിവാസി രക്ഷാസമിതി രൂപീകരിച്ചു. പി.കെ. കുട്ടപ്പൻ, കൺവീനറും, എം.വി. മനോജ് ജോയിൻറ് കൺവീനറുമാണ്. സപ്തംബർ 15 നകം നൂൽപുഴ പഞ്ചായത്തിലെ ആദിവാസികൾക്കിടയിലുള്ള രോഗങ്ങളെ കുറിച്ച് ഒരു പ്രാഥമിക സർവെ നടത്താനും പരിപാടി തയ്യാറാക്കി.

## തെരഞ്ഞെടുത്തു

ആലക്കോട്: മലബാർ മേഖലാ ആനന്ദ് പാറ്റേൺ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി(ആപ്കോസ്) ഫെഡറേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റി ഭാരവാഹികളായി കെ. അബ്രഹാം തോമസ്(പ്രസിഡൻറ്), പി.ആർ. ഇന്ദുചൂഡൻ(വൈസ് പ്രസിഡൻറ്), ജെ. ജോസഫ്(സെക്രട്ടറി), കെ. സുധാകരൻ(ജോയിൻറ് സെക്രട്ടറി), തോമസ് ജോസഫ് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

യോഗത്തിൽ കെ.വി. ജോസഫ അദ്ധ്യക്ഷത വഹിച്ചു. കെ. വിജയൻ, പി. എൻ. രമേശൻ എന്നിവർ പ്രസംഗിച്ചു.

## ജീവനാംശം നൽകാൻ വിധി

തളിപ്പറമ്പ്: സർ സയിദ് കോളജ് ഹിസ്റ്ററി ലക്ചറർ കെ.വി. പത്മനാഭൻ ഭാര്യ താഴത്തു വീട്ടിൽ പ്രേമലതയ്ക്കും മകൻ ചന്ദ്ര പ്രസാദിനും 450 രൂപ പ്രതിമാസം ജീവനാംശം നൽകണമെന്ന് തളിപ്പറമ്പ് ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ടി.പി. സുകുമാരൻ വിധിച്ചു. കേസ് ഫയൽ ചെയ്ത 28-12-91 മുതൽ മുൻകാല പ്രാബല്യത്തോടെ തുക നൽകണം.

## ഹോം നഴ്സിംഗ് പരിശീലനം

കണ്ണൂർ: റെഡ്ക്രോസിൻെറ ആഭിമുഖ്യത്തിൽ നടക്കുന്ന ഹോം നഴ്സിംഗ് പരിശീലനം ഇന്ന് കണ്ണൂർ ജില്ലാ ആശുപത്രിയിൽ ആരംഭിക്കും. ജില്ലാ കലക്ടർ എം. രവികാന്ത് രാവിലെ 10 മണിക്ക് പരിശീലനത്തിൻെറ ഉദ്ഘാടനം നിർവഹിക്കും. മൂന്നു മാസമാണ് പരിശീലന കാലം. ആദ്യ ബാച്ചിൽ 40 പേരെയാണ് പരിശീലനത്തിനായി തെരഞ്ഞെടുത്തത്.

## അവാർഡുകൾ സമ്മാനിച്ചു

തളിപ്പറമ്പ്: കുപ്പം ശാഖാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി. മദ്രസ പൊതുപരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു നേടിയ എൻ.യു. ഫൗസിയ, വി.മറിയാബി, കെ.ടി. മുംതാസ് എന്നിവർക്ക് അഡ്വ. പി. ഹബീബ് റഹ്മാൻ മെമ്മോറിയൽ കാഷ് അവാർഡും ട്രോഫികളും ജില്ലാ മുസ്ലീം ലീഗ് ട്രഷറർ കെ.വി. മുഹമ്മദ് കുഞ്ഞി സമ്മാനിച്ചു. പൊതുസമ്മേളനം എം.എസ്.എഫ്. ജില്ലാ ജനറൽ സെക്രട്ടറി അൻസാരി തില്ലങ്കേരി ഉദ്ഘാടനം ചെയ്തു. കെ. എം. മുഹമ്മദ് ഹാജി അദ്ധ്യക്ഷനായിരുന്നു. കെ.വി. ഫാറൂഖ് സ്വാഗതവും പി. എം. അഷറഫ് നന്ദിയും പറഞ്ഞു.

## ഉദ്ഘാടനം ഇന്ന്

തിരൂർ: സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടിയുടെ തിരൂർ നഗരസഭാതല ഉദ്ഘാടനം ഇന്നുവൈകിട്ട് മൂന്നിന് പനമ്പാലം എ.എം.എൽ.പി. സ്കൂൾ പരിസരത്ത് നടക്കും. വിദ്യാഭ്യാസമന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്യും. നഗരസഭാ ചെയർമാൻ കെ. അബൂബക്കർ അദ്ധ്യക്ഷനായിരിക്കും.

ഡി.ഇ.ഒ. കെ. കുഞ്ഞിമൊയ്തീൻകുട്ടി, കൈനിക്കര അബ്ദുറഹിമാൻ, എം. അനന്തൻ, പാത്തുട്ടി ഹജ്ജുമ്മ, അഡ്വ. ടി. കൃഷ്ണനുണ്ണി, ആറ്റക്കോയ തങ്ങൾ, എം.എം.കെ. ഹാജി, പുളിക്കൽ മുഹമ്മദ്മാസ്റ്റർ, പി. രാജാമണി, അഹമ്മദ്കുട്ടി, കല്ലേരി ബാപ്പുഹാജി, തെണ്ടത്ത് മുഹമ്മദ് തുടങ്ങിയവർ ആശംസാപ്രസംഗം നടത്തും. കമ്മീഷണർ എസ്. സുദർശനൻ സ്വാഗതവും കോ-ഓർഡിനേറ്റർ ടി. വിജയരാഘവൻ മാസ്റ്റർ നന്ദിയും പറയും.

പുൽപ്പള്ളി: ...
സ് പള്ളിയിൽ എട്ടുനോ...
ആറാം ദിവസം.

മീനങ്ങാടി: വിശുദ്ധ ദൈവമാതാവിൻെറ ഓർമ്മപ്പെരുന്നാളും എട്ടുനോമ്പാചരണവും- സെൻറ് പീറ്റർ ആൻഡ് സെൻറ് പോൾസ് യാക്കോബായ കത്തീഡ്രലിൽ ആറാംദിവസം.

## സിനിമ

### വയനാട്

**കൽപ്പറ്റ**

ജൈത്ര: 'ഓ ഫാബി' 3 ഷോ
N.S: 'Love Me'
അനന്തപത്മ: 'വാത്സല്യം'
N.S: Welcome To 18
വിജയ: 'ഗാന്ധാരി' 3 ഷോ
മഹാവീർ മൂവീസ്: 'ബട്ടർഫ്ളൈ'
N.S: 'വയൽ'

**കാവുംമന്ദം**

പുഷ്പ: 'വാലിബൻ' (തമിഴ്) 3 ഷോ

**സുൽത്താൻബത്തേരി**

സന്തോഷ്: 'ജൻറിൽമാൻ' 3 ഷോ
N.S: 'Music Night'
സാഗർ: 'ബന്ധുക്കൾ ശത്രുക്കൾ' 3 ഷോ
സീന: 'ഏകലവ്യൻ'
മാർബേസിൽ: 'മായാമയൂരം'

**മാനന്തവാടി**

മാരുതി: 'കിലുക്കം' 3 ഷോ
നൂൺഷോ: 'സിദ്ധാർത്ഥ'
ജോസ്: 'വാൽസല്യം' 3 ഷോ
N.S: M.S:' കമാൻഡർ ജ്യോതി'
ശ്രീ ലക്ഷ്മി: 'ജാക്ക്പോട്ട്' 3 ഷോ
N.S: 'Oh! Babylon''

**അമ്പലവയൽ**

രാധാകൃഷ്ണ: 'വളയം' 3 ഷോ

93 സെപ്റ്റംബർ 6 -

...ക്കാ നാമനിർദ്ദേശപത്രിക നൽകി പോ (ശേഷം പേജ് 5 കോളം 1)

# മരംമുറി ന്യായീകരിക്കാൻ 85–ലെ റിപ്പോർട്ട്

93 സെപ്തംബർ 6

സ്വന്തം ലേഖകൻ

കൽപ്പറ്റ: വയനാടൻ ചുരത്തിലെ മരങ്ങൾ മുറിക്കുന്നതു ന്യായീകരിക്കാൻ സോയിൽ കൺസർവേഷൻ ഓഫീസറുടെ പഴയ റിപ്പോർട്ട്. മരം മുറിച്ചാൽ ചുരത്തെയോ, ചുരം റോഡിനെയോ ബാധിക്കില്ലെന്നാണ് റിപ്പോർട്ടിൽ എഴുതിയിരിക്കുന്നത്.

വയനാട്ടിൽ ഏറെ വിവാദം സൃഷ്ടിച്ചിരിക്കുന്ന ചുരത്തിലെ മരംമുറി ന്യായീകരിക്കാൻ മരം ലോബിയാണ് ഈ റിപ്പോർട്ടുമായി രംഗത്തെത്തിയിരിക്കുന്നത്. 1985 മെയ് മാസത്തിൽ അന്നത്തെ വയനാട് ജില്ലാ കലക്ടറായിരുന്ന ആർ.എൽ. ഭാട്യയ്ക്ക് കോഴിക്കോട് ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ നൽകിയതാണിത്.

മലയിടിച്ചിൽ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങളെപ്പറ്റിയുള്ള പ്രാഥമിക പഠനങ്ങൾ പോലും അവഗണിച്ചുകൊണ്ട് 1985 മെയ് 14–നു 30(3)867 നമ്പറായാണ് റിപ്പോർട്ട് നൽകിയിട്ടുള്ളത്.

മീനാക്ഷീ സുന്ദരം എസ്റ്റേറ്റിൽ 1985–ൽ നടന്ന മരംമുറി ജില്ലാ കലക്ടർ തടഞ്ഞുകൊണ്ട് ഉത്തരവിറക്കിയതിനു പിറകേയാണ് സോയിൽ കൺസർവേഷൻ ഓഫീസറുടെ ഈ റിപ്പോർട്ട് തയാറാക്കപ്പെട്ടത്. ശാസ്ത്ര സാഹിത്യപരിഷത്ത് നടത്തിയ പ്രക്ഷോഭ സമരങ്ങളെ തുടർന്നാണ് അന്ന് ജില്ലാ കലക്ടർ ആയിരുന്ന ആർ.എൽ. ഭാട്യ ചുരത്തിലെ മരംമുറി നിരോധിച്ചത്.

ചുരത്തിനു തൊട്ടുമുകളിലുള്ള മീനാക്ഷീ സുന്ദരം എസ്റ്റേറ്റിൽ മരം മുറിച്ചാൽ അത് ചുരം റോഡിനെ ഒരു രീതിയിലും ബാധിക്കില്ലെന്നും ചുരത്തിനു മുകളിൽ നിന്നുള്ള വെള്ളം ഒഴുക്കുന്നത് കിഴക്കൻ ദിശയിലേക്കാണെന്നും അതിനാൽ എതിർദിശയിലുള്ള റോഡിനെ ഇത് ബാധിക്കില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

സെലക്ഷൻ ഫെല്ലിംഗ് നടത്തിയാൽ മണ്ണൊലിപ്പുണ്ടാക്കില്ലെന്ന കണ്ടെത്തലും റിപ്പോർട്ടിലുണ്ട്. മലയിടിച്ചിൽ സംബന്ധിച്ച വിദഗ്ദ്ധരുടെ പഠനങ്ങൾ റിപ്പോർട്ടിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്.

കേരള സർക്കാരിന്റെ ശാസ്ത്രോപദേശകസമിതി (സ്റ്റെക്) 1985–ൽ തന്നെ ചുരം മേഖലയെ സംബന്ധിച്ചു തയാറാക്കിയ പഠന റിപ്പോർട്ടിനു കടകവിരുദ്ധമാണിത്. വയനാടൻ ചുരത്തിനു മുകളിൽ മരം മുറി പാടില്ലെന്നും കെട്ടിട നിർമ്മാണ പ്രവൃത്തികൾ അനുവദിക്കരുതെന്നും ശാസ്ത്രീയമായ രീതിയിൽ മാത്രമേ ചുരം റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ നടത്താൻ പാടുള്ളൂവെന്നുമാണ് സ്റ്റെക് നൽകിയ റിപ്പോർട്ട്.

വയനാടൻ ചുരത്തിലെ തകരപ്പാടി ഭാഗം മലയിടിച്ചിലിനു ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള പ്രദേശമാണെന്ന് കോഴിക്കോട്ടെ സി.ഡബ്ല്യു.ആർ.ഡി.എം. (സെൻറർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെൻറ്) 1990 മാർച്ചിൽ കേന്ദ്ര സർക്കാരിനു നൽകിയ പഠനറിപ്പോർട്ടിൽ പറയുന്നുണ്ട്. ഇന്ത്യയിലെ പ്രശസ്തനായ ജിയോളജിസ്റ്റ് ഡോ. ജെയിംസിന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിനു ശേഷമാണ് ഈ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

വയനാടൻ ചുരം, മുണ്ടക്കൈ, ബ്രഹ്മഗിരി, ചെമ്പ്ര, തരിയോട്, ചിത്രഗിരി എന്നിവയാണ് മലയിടിച്ചിൽ സാദ്ധ്യത ഏറെയുള്ള പ്രദേശങ്ങളായി റിപ്പോർട്ട് പറയുന്നത്. കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞിയെപ്പറ്റിയും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

വയനാടൻ ചുരം റോഡിലെ 49–ാം മൈൽകുറ്റി മുതൽ 57–ാം മൈൽകുറ്റി വരെയുള്ള പ്രദേശത്ത് വർഷക്കാലത്ത്

(ശേഷം പേജ് 5 കോളം 1)

## മരംമുറി

(ഒന്നാംപേജ് തുടർച്ച)

ഏതുസമയവും മലയിടിച്ചിൽ ഉണ്ടാകുമെന്ന് വിദഗ്ദ്ധർ ചേർന്ന് തയാറാക്കിയ റിപ്പോർട്ടിൽ എടുത്തുപറയുന്നുണ്ട്. ഇതിൽ 50–ാം മൈൽകുറ്റിയുള്ളത് തകരപ്പാടിയിലാണ്. ഇതിനു മുകളിലാണ് ഇപ്പോൾ മരംമുറി നടന്ന മീനാക്ഷിസുന്ദരം എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്.

1984–ൽ തകരപ്പാടിയിൽ വൻ മലയിടിച്ചിലുണ്ടായി. അതിനെ തുടർന്നാണ് പഠന റിപ്പോർട്ട് തയാറാക്കപ്പെട്ടത്. ഈ മേഖലയിൽ ചുരത്തിനു മുകളിൽ മരംമുറി അനുവദിക്കരുതെന്നും ക്വാറികൾ പാടില്ലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. മലയിൽനിന്നുള്ള കുത്തനെയുള്ള ചെരിവ്, റോഡിലൂടെയുള്ള വാഹനങ്ങളുടെ ആധിക്യം, വെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യം ഇല്ലായ്മ എന്നിവയാണ് ചുരത്തിൽ മലയിടിച്ചിലിനു സാദ്ധ്യത നൽകുന്നത്.

ചുരം റോഡിലെ 49–ാം മൈൽകുറ്റി മുതൽ 57–ാം മൈൽകുറ്റിവരെയുള്ള ഭാഗങ്ങളിൽ മലയിലെ പാറകളിലെ ഭൂഗർഭപാളികൾക്കിടയിൽ കൂടിയ അളവിൽ വിള്ളലുകൾ ഉണ്ടെന്നും ഗ്രാഫൈറ്റിന്റെ അംശം കൂടുതലുള്ള പാറകളാണ് ഈ പ്രദേശത്തുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

# ബത്തേരി എക്സ്ചേഞ്ച് ഇലക്ട്രോണിക്കായി

ബത്തേരി: ഇലക്ട്രോണിക് ടെലിഫോൺ എക്സ്ചേഞ്ച് കെ. മുരളീധരൻ എം. പി. ഉദ്ഘാടനം ചെയ്തു. കേരളത്തിൽ ഏറ്റവും ആധുനിക സൗകര്യമുള്ള രണ്ടു ഇലക്ട്രോണിക് എക്സ്ചേഞ്ചുകളിൽ ഒന്നാണ് ബത്തേരിയിൽ ഉദ്ഘാടനം ചെയ്തത്.

വാർത്താവിനിമയ രംഗത്ത് വിപ്ളവകരമായ മാറ്റത്തിനു തുടക്കംകുറിച്ചിരിക്കുകയാണെന്ന് കെ. മുരളീധരൻ എം. പി. പ്രസ്താവിച്ചു. എല്ലാ പ്രധാന സ്ഥലങ്ങളിലും വാർത്താവിനിമയ രംഗം ശക്തിപ്പെടുത്താൻ ഈ ഗവൺമെൻറിനു കഴിഞ്ഞു. കേരളത്തിലെ പിന്നോക്ക ജില്ലയായ വയനാട്ടിൽ വാർത്താവിനിമയ രംഗം വിപുലീകരിക്കുന്ന പരിപാടിയുടെ തുടക്കം മാത്രമാണിതെന്ന് അദ്ദേഹം പറഞ്ഞു.

കെ. സി. റോസക്കുട്ടി എം. എൽ. എ. ആധ്യക്ഷ്യം വഹിച്ചു. കെ. രാഘവൻ എം. എൽ. എ., ജില്ലാ കൗൺസിലർ കുരുടൻകണ്ടി ഇബ്രാഹിം, പഞ്ചായത്ത് പ്രസിഡൻറ് പി. സി. അഹമ്മദ്, ടെലികോം ഡപ്യൂട്ടി ജനറൽ മാനേജർ കെ. ടി. ഉണ്ണിച്ചേക്കു പ്രസംഗിച്ചു.

## സി. എം. പി.

മാനന്തവാടി: സി. എം. പി. മാനന്തവാടി ഏരിയാ സമ്മേളനത്തോടനുബന്ധിച്ചു നടത്തിയ പ്രതിനിധി സമ്മേളനത്തിൽ സി. എ. രാജൻ, ടി. മോഹനൻ, കെ. സി. നന്ദനൻ പ്രസംഗിച്ചു. ടി. പി. ചന്ദ്രബോസ്, ബാലകൃഷ്ണൻ, ബേബി എന്നിവർ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളായിരുന്നു. കെ. എം. ജോർജ്, മൊയ്തീൻ സമ്മേളനം നിയന്ത്രിച്ചു. സെക്രട്ടറിയായി കെ. എം. ജോർജിനെ തെരഞ്ഞെടുത്തു.

## പ്രതിഷേധിച്ചു

തലപ്പുഴ: കൃഷിഭവൻ ഉപദേശക സമിതിയിൽ കോൺഗ്രസ്-എസിൻെറ പ്രതിനിധിയെ ഉൾപ്പെടുത്താത്തതിൽ തവിഞ്ഞാൽ മണ്ഡലം കോൺഗ്രസ്-എസ്. പ്രവർത്തക കൺവൻഷൻ പ്രതിഷേധിച്ചു. പ്രസിഡൻറ് പി. വി. ലൂക്കോസ് ആധ്യക്ഷ്യം വഹിച്ചു. ബ്ളോക്ക് പ്രസിഡൻറ് സി. എൽ. വിൻസൻറ്, ജില്ലാ സെക്രട്ടറി സി. കെ. ഫിലിപ്പ്, എം. അബ്ദുറഹ്മാൻ, മാത്യു മനക്കക്കുടി പ്രസംഗിച്ചു.

## സ്വീകരണം നൽകി

മാനന്തവാടി: സംസ്ഥാന അധ്യാപക അവാർഡിനു അർഹനായ കരിങ്ങാടി ഗവ. യു. പി. സ്കൂൾ ഹെഡ്മാസ്റ്റർ എൻ. ടി. ഗോപാലന് സ്കൂളിലെ അധ്യാപകരും വിദ്യാർഥികളും സ്വീകരണം നൽകി. ടി. ഏലി ആധ്യക്ഷ്യം വഹിച്ചു. പി. ലതീഷ്, വി. കെ. സിനോജ്, വി. കെ. പ്രവീൺ, കെ. പി. അഗസ്റ്റിൻ, എം. ഗോപാലപിള്ള, സി. സുരേന്ദ്രൻ, ഇ. എം. രാജൻ, എൻ. ലതിക, സ്കൂൾ ലീഡർ പി. സ്മിത പ്രസംഗിച്ചു.

## അന്വേഷിക്കണം

മാനന്തവാടി: ഒണ്ടയങ്ങാടിയിലെ പഞ്ചായത്ത് കിണർ സ്വകാര്യ വ്യക്തി മൂടിയതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ജനതാദൾ മാനന്തവാടി പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡൻറ് പി. എം. ബെന്നി ആധ്യക്ഷ്യം വഹിച്ചു.

## റീടാർ ചെയ്യണം

മാനന്തവാടി: എള്ളുമന്ദം-ഒരപ്പ് റോഡ് റീടാർ ചെയ്യണമെന്ന് എള്ളുമന്ദത്ത് ചേർന്ന കോൺഗ്രസ്-ഐ. യോഗം ആവശ്യപ്പെട്ടു. സി. ഇ. ചന്ദ്രൻ ആധ്യക്ഷ്യം വഹിച്ചു.

## വാഹനജാഥ

മാനന്തവാടി: വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മുസ്ലിം യൂത്ത് ലീഗ് നടത്തുന്ന ഡൽഹി മാർച്ചിൻെറയും മാനന്തവാടിയിൽ ഐക്യദാർഢ്യ സമ്മേളനത്തിൻെറ പ്രചാരണാർഥം നിയോജകമണ്ഡലത്തിൽ വാഹനജാഥ നടത്താൻ നിയോജകമണ്ഡലം മുസ്ലിം യൂത്ത് ലീഗ് ജനറൽ കൗൺസിൽ തീരുമാനിച്ചു. കമ്മിറ്റിയിലേക്ക് സി. എം. മൊയ്തീൻ-വൈസ് പ്രസിഡൻറ്, എ. റസാഖ്-സെക്രട്ടറി, സി. സി. അബൂബക്കർ-ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.

## കൺവൻഷൻ

മാനന്തവാടി: എടവക പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തകരുടെ കൺവൻഷൻ വെള്ളിയാഴ്ച രണ്ടിനു എടവക പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ചേരും.

# വനംകൊള്ള പ്രക്ഷോഭം ആരംഭിക്കും

വൈത്തിരി: ചുരത്തിന് മുകളിലെ വനം കൊള്ളക്കെതിരേ പ്രക്ഷോഭം ആരംഭിക്കാൻ പഞ്ചായത്ത് ഹാളിൽ ചേർന്ന രാഷ്ട്രീയ-സാമൂഹ്യ പരിസ്ഥിതി പ്രവർത്തകരുടെ യോഗം തീരുമാനിച്ചു. ഇതിനായി സർവകക്ഷി ആക്ഷൻ കൗൺസിൽ രൂപവൽക്കരിച്ചു.

ചുരത്തിന് സമീപത്തുനിന്നുള്ള മരം മുറി ശാശ്വതമായി തടയുക, മീനാക്ഷി സുന്ദരം എസ്റ്റേറ്റിൽ അനധികൃതമായി മുറിച്ചിട്ട മുഴുവൻ മരങ്ങളും കണ്ടുകെട്ടുകയും കുറ്റക്കാർക്കെതിരേ നടപടിയെടുക്കുകയും ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് 10-ന് വൈത്തിരി താലൂക്ക് ഓഫീസ് പടിക്കൽ ധർണ നടത്തും.

യോഗത്തിൽ വൈത്തിരി പഞ്ചായത്ത് പ്രസിഡൻറ് ടി. എം. ഉസ്മാൻ ആധ്യക്ഷ്യം വഹിച്ചു. ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ലാ പ്രസിഡൻറ് സി. കെ. ശിവരാമൻ പി. ഗഗാറിൻ-സി. പി. ഐ.-എം., കെ. പി. ആൻറണി -കോൺ.-ഐ, എം. എൻ. വാസു-ബി. ജെ. പി., കെ. കെ. ദാസൻ-ജനതാദൾ, കെ. വടുവൻകുട്ടി--കോൺഗ്രസ്-എസ്, കെ. ഉസ്മാൻ, കെ. സി. അറുമുഖൻ, പി. അയ്യപ്പൻ, ജ്യോതിസ്, ആർ. രവീന്ദ്രൻ, പി. എ. ജോസഫ് പ്രസംഗിച്ചു.

ആക്ഷൻ കമ്മിറ്റി ഭാരവാഹികൾ: ടി. എം. ഉസ്മാൻ-ചെയർമാൻ, കെ. പി. ആൻറണി, ടി. അബ്ദുറഹിമാൻ, എം. എൻ. വാസു, കെ. കെ. ദാസൻ, സലിം മേമന-വൈസ് ചെയർമാൻമാർ, സി. കെ. ശിവരാമൻ-കൺവീനർ, പി. ഗഗാറിൻ, പി. പി. അബു, ആർ. രവിചന്ദ്രൻ, എം. സുന്ദരൻ-ജോയൻ

മംഗളം 1993 സെപ്തംബർ 4 ശനി

# ആദിവാസികളുടെ മാരകരോഗ നിർമാർജ്ജനം: യോഗം ഇന്ന്

കൽപ്പറ്റ: പരിസ്ഥിതി തകർച്ചയും ഭൂമി അന്യാധീനപ്പെടലും തുടരുന്ന സാഹചര്യത്തിൽ ജില്ലയിലെ ആദിവാസി കോളനികളിൽ പടർന്നു പിടിക്കുന്ന മാരകരോഗങ്ങൾക്കെതിരെ അടിയന്തരശ്രദ്ധ പതിപ്പിക്കാനും പരിഹാര മാർഗങ്ങളെക്കുറിച്ച് ആലോചിക്കാനും ഇന്ന് രണ്ടുമണിക്ക് നായ്ക്കട്ടി എപിക് ലൈബ്രറിയിൽ സർവകക്ഷി, സന്നദ്ധ സംഘടനാ പ്രവർത്തകർ, വ്യക്തികൾ എന്നിവരുടെ യോഗം ചേരും.

വനപ്രദേശങ്ങളിൽ ഒറ്റപ്പെട്ടു കിടക്കുന്നതും ആദിവാസികൾ തിങ്ങിപ്പാർക്കുന്നതുമായ നൂൽപ്പുഴ പഞ്ചായത്തിലെ മിക്കഗ്രാമങ്ങളും മാരകരോഗങ്ങളുടെ പിടിയിലാണ്. ക്ഷയവും കുഷ്ഠവും സിക്കിൾസെൽ അനീമിയയും മൂലം ജീവിതം ദുരിതപൂർണമാണ്. മാറാവ്യാധികൾ കാരണം ഇവിടെ പത്തിലധികം മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇന്നു നടക്കുന്ന യോഗം എല്ലാ സാമൂഹ്യ സ്നേഹികളും പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയിൽ അഭ്യർത്ഥിച്ചു.

# ഓണം അവധിക്ക് ചുരത്തിൽ മരംമുറി

സ്വന്തം ലേഖകൻ


കൽപ്പറ്റ: വയനാടൻ ചുരത്തിനു മുകളിൽ വൻതോതിൽ മരംമുറിക്കുന്നു. ചുരത്തിലെ എട്ടാം വളവിനു മുകളിലുള്ള മീനാക്ഷി സുന്ദരം എസ്റ്റേറ്റിലും സമീപമുള്ള വനമേഖലയിലുമാണ് മരംമുറി നടക്കുന്നത്.

ഓണാവധി ദിവസങ്ങളുടെ മറവിൽ ലക്ഷങ്ങളുടെ മരം ഇവിടെനിന്നും മുറിച്ചുകടത്തി. ലോറിയിൽ തമിഴ്നാട്ടിൽനിന്ന് കൊണ്ടുവന്ന തൊഴിലാളികളെ ഉപയോഗിച്ച് ഓഗസ്റ്റ് 28–ന് ശനിയാഴ്ച മുതലാണ് എസ്റ്റേറ്റിലും വനമേഖലയിലും മരംമുറി നടന്നത്.

അവധിക്ക് മരംമുറിക്കുന്നതിന് നേരത്തെ തോട്ടത്തിലെ ഏലച്ചെടികളും അടിക്കാടുകളും വെട്ടിമാറ്റിയിരുന്നു. ചുരത്തിന് ഭീഷണിയായി ഈ പ്രദേശത്ത് മരംമുറിക്കാൻ നീക്കം നടക്കുന്നതായി 'മംഗളം' നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നതാണ്.

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ നോട്ടിഫൈഡ് ഏലം റിസർവ്സ് ഹിൽ ഏരിയയിൽ വരുന്ന ലക്കിടിയിലെ റീസർവേ 329/ 4 സി 2, 329/4 സി 1, 329/4 സി/ബി എന്നിവയിൽ പെടുന്ന മീനാക്ഷി സുന്ദരം ഏലത്തോട്ടത്തിലും തോട്ടത്തോട്, ചേർന്നുള്ള വനമേഖലയിലും ഉണ്ടായിരുന്ന നൂറുകണക്കിന് മരങ്ങളാണ് മൂന്നുദിവസങ്ങൾക്കുള്ളിൽ മഴുമുനയിൽ നിലംപൊത്തിയത്. വൈത്തിരിയിലെ കുന്നത്തിടവക വില്ലേജിൽ വരുന്നതാണീ പ്രദേശം.

ചുരം റോഡിലെ എട്ടാം വളവിനു മുകളിൽ വരുന്ന ഈ ഭാഗത്ത് മരംമുറി നടന്നാൽ ചുരത്തിൻെറ നിലനിൽപ്പിനെ ബാധിക്കുമെന്ന് മണ്ണ് സംരക്ഷണ വകുപ്പിലെ വിദഗ്ദ്ധർ ജില്ലാ കലക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. അവശ്യ വസ്തു സംരക്ഷണ നിയമം, കെ.പി.ടി. ആക്ട് സെക്ഷൻ 5 എന്നിവ ലംഘിച്ചുകൊണ്ട് മരംമുറിക്കാൻ അധികൃതർക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് അവധി ദിവസങ്ങളിൽ ആരോരുമറിയാതെ മരങ്ങൾ മുറിച്ചുനീക്കിയത്.



'വനംഖേലയിൽ നടക്കുന്ന മരംമുറി'

ലാൻറ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം, കാപ്പിച്ചെടികൾ ഇല്ലാത്ത തോട്ടത്തിൽ കാപ്പി രജിസ്ട്രേഷൻ സമ്പാദിച്ച 42 ഏക്കറിൽ നിന്ന് മരംമുറിക്കാൻ വനംവകുപ്പിൽ നിന്ന് സമ്പാദിച്ച പാസിൻെറ മറവിലാണ് ഏലത്തോട്ടത്തിലും വനംവകുപ്പും എസ്റ്റേറ്റും തമ്മിൽ തർക്കത്തിലിരിക്കുന്ന വനഭൂമിയിലെയും മരങ്ങൾ മുറിച്ചിട്ടുള്ളത്.

എസ്റ്റേറ്റിൽ നിന്നും ചൊവ്വാഴ്ച ഉച്ചവരെ 154 മരങ്ങളും വനമേഖലയിൽ നിന്ന് 62 മരങ്ങളുമാണ് ഇതിനകം മുറിച്ചത്. ചുരത്തിൽ മലയിടിച്ചിലിന് വഴിയൊരുക്കാവുന്ന ഈ മേഖലയിലെ മരംമുറിക്കെതിരെ ശാസ്ത്ര സാഹിത്യ പരിഷത്ത്, വയനാട് പ്രകൃതി സംരക്ഷണ സമിതി, കേരള പരിസ്ഥിതി പ്രവർത്തക സംഘം തുടങ്ങിയ സംഘടനകൾ പ്രക്ഷോഭങ്ങളുമായി രംഗത്തുവന്നതിനെ തുടർന്ന് ജില്ലാ കലക്ടർ ഇടപെട്ട് ഇവിടുത്തെ മരംമുറി തടഞ്ഞിരുന്നു.

439 ഏക്കർ വരുന്ന മീനാക്ഷി സുന്ദരം എസ്റ്റേറ്റിൽ അന്ന് വെറും 17 ഏക്കറിനായിരുന്നു കാപ്പി രജിസ്ട്രേഷൻ ഉണ്ടായിരുന്നത്. ഉന്നതങ്ങളിലെ ഇടപെടൽ മൂലം 1977–ൽ 390/77–ാം നമ്പറായി ഒരൊറ്റ കാപ്പി ച്ചെടി പോലും ഇല്ലാത്ത എസ്റ്റേറ്റിൽ 42 ഏക്കറിന് പിന്നീട് കാപ്പി രജിസ്ട്രേഷൻ നൽകി.

കഴിഞ്ഞ പത്തുവർഷങ്ങൾക്കുള്ളിൽ മരങ്ങളിൽ കണ്ണുവച്ച് എസ്റ്റേറ്റ് പലരും വിലയ്ക്കുവാങ്ങിയെങ്കിലും മരംമുറിക്കാനാവതെ മറ്റു പലർക്കും വിൽപന നടത്തുകയാണുണ്ടായത്. 1989–ൽ എസ്റ്റേറ്റിലെ 42 ഏക്കർ 23 സെൻറ് ഭൂമി വയനാട്ടിലെ ചില മരവ്യാപാരികൾ വിലക്കുവാങ്ങി.

1993 –ൽ തൃശൂർ ജില്ലയിലെ ചില വ്യാപാരികൾ ഉൾപ്പെടെ 13 പേർക്ക് വയനാട്ടിലെ മരവ്യാപാരികൾ എസ്റ്റേറ്റ് ഭൂമി വിലയ്ക്ക് നൽകി. 42 ഏക്കർ വിലയ്ക്ക് വാങ്ങിയവർ എസ്റ്റേറ്റിലെ ഏലച്ചെടികൾ വെട്ടിമാറ്റി മരംമുറിക്കാൻ ശ്രമങ്ങൾ നടത്തുന്നതിനിടയിലാണ് ഇതുസംബന്ധിച്ച് പത്രവാർത്തകൾ വന്നത്.

നിയമപ്രകാരം മരംമുറിക്കാൻ റവന്യൂ വകുപ്പിനോ വനംവകുപ്പിനോ അനുമതി നൽകാൻ കഴിയാത്ത ഭൂമിയിൽ നിന്ന് നിയമങ്ങൾ മറികടന്ന് മരംമുറി നടന്നത് ഇതോടെയാണ്. കുന്നത്തിടവക [illegible]ില്ലേജ് ഓഫീസർ, മേപ്പാടി [illegible] റേഞ്ചർ, സൗത്ത് വയനാട് [illegible].എഫ്.ഒ., വൈത്തിരി തഹസിൽദാർ എന്നിവർ ഓണാവധിക്ക് ചുരമിറങ്ങിയ അവസരം നോക്കിയാണ് വനമേഖലയിലെ മരങ്ങൾ കൂടി മുറിച്ചുനീക്കിയത്.

# അനധികൃത മരം മുറി തുടരുന്നു

കൽപ്പറ്റ: വയനാടൻ ചുരം റോഡിലെ എട്ടാം വളവിന് മുകളിലുള്ള മീനാക്ഷി സുന്ദരം ഏലം എസ്റ്റേറ്റിലും സമീപമുള്ള വനമേഖലയിലും നടന്ന വരുന്ന അനധികൃത മരം മുറി തുടരുകയാണ്.

ശനിയാഴ്ച മുതൽ ആരംഭിച്ച മരം മുറി വെട്ട് ഇന്നലേയും തുടർന്നു. ഇന്നലെ വനമേഖലയിലെ 12 മരങ്ങളും, എസ്റ്റേറ്റിലെ 36 മരങ്ങളും മുറിച്ചു മാറ്റി. വനം-റവന്യൂ വകുപ്പ് അധികൃതർ ഓണാവധി ദിവസങ്ങൾ കഴിഞ്ഞു മടങ്ങി എത്തും മുൻപ് മരങ്ങൾ മുഴുവൻ മുറിക്കാനാണ് പരിപാടി.

സംഭവത്തെപറ്റി അറിഞ്ഞിട്ടും ഇന്നലെ സ്ഥലത്തെത്തിയ മേപ്പാടി ഫോറസ്റ്റ് റെയ്ഞ്ചർമാർ മരം മുറി നടക്കുന്ന ഭാഗത്തേക്ക് തിരിഞ്ഞു നോക്കിയില്ല. വീട്ടി, ചടച്ചി, കുളിർമാവ്, വെണ്ടേക്ക്, പാലി തുടങ്ങിയ 10 ലക്ഷത്തിലേറെ രൂപ വിലമതിക്കുന്ന മരങ്ങളിതിനകം മുറിച്ചിട്ടുണ്ട്. വനംവകുപ്പ് അധികൃതരുടെ മൗനാനുവാദത്തോടെയാണ് മരംമുറി നടക്കുന്നതെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് കുറ്റപ്പെടുത്തി.

അനധികൃതമായി മരം മുറിച്ചവർക്കെതിരെ അടിയന്തര നടപടി എടുക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി യോഗം ആവശ്യപ്പെട്ടു. വൈത്തിരി താലൂക്ക് തഹസിൽദാർ, മേപ്പാടി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ എന്നിവർ മരവ്യാപാരികളുമായി ചേർന്നു നടത്തിയ ഒത്തുകളിയുടെ ഭാഗമാണിതെന്ന് കേരള പരിസ്ഥിതി പ്രവർത്തക സംഘം പ്രസിഡൻറ് ബേബി പോൾ കുറ്റപ്പെടുത്തി.

അനധികൃത മരംമുറി നടക്കുന്നിടത്തേക്ക് മാർച്ചു ചെയ്ത് മരംമുറി തടയുമെന്ന് യുവജനവേദി ജില്ലാ കമ്മിറ്റി മുന്നറിയിപ്പു നൽകി. സേവ്യർ സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു.

### അന്വേഷണം വേണം

മാനന്തവാടി: ജില്ലകളിലെ കൃഷിഭവനുകളിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് ബി.ജെ.പി. മാനന്തവാടി മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

സഹായങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. സെപ്തംബർ 20 ന് കണ്ണൂരിൽ നടക്കുന്ന എൽ.കെ. അദ്വാനിയുടെ പരിപാടി വിജയിപ്പിക്കുവാനും; യോഗം തീരുമാനിച്ചു. യോഗത്തിൽ ഇടിക്കര ചന്ദ്രൻ, എൻ.എ. രാമൻ, കെ. പത്മനാഭൻ, ടി.എം. കുഞ്ഞികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

### യാത്രയയപ്പ് നൽകി

മുട്ടിൽ: മുട്ടിൽ പഞ്ചായത്തിൽ നിന്നും സ്ഥലം മാറിപ്പോകുന്ന സ്പെഷൽ ഗ്രേഡ് എക്സി. ഓഫീസർ എം.കെ. രാമന് യാത്രയയപ്പ് നൽകി. പ്രസിഡണ്ട് എൽ.ഡി. അപ്പച്ചൻെറ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അബു ഗൂഡലായി, വൈസ് പ്രസിഡണ്ട് എം. അന്ത്രു, മെമ്പർമാരായ എൽസമ്മ തോമസ്, ഇന്ദിരാ ദാമോദരൻ, വാസുദേവൻ, അഹമ്മദ്കുട്ടി എന്നിവർ പ്രസംഗിച്ചു. പി.കെ. കുഞ്ഞിമൊയ്തീൻ സ്വാഗതം പറഞ്ഞു.

### വാർഷികം

മട്ടന്നൂർ: മിനി സ്പോർട്സ് ആൻറ് ആർട്സ് ക്ലബിൻെറ പത്താം വാർഷികവും വനിതാ വേദിയുടെ പ്രഥമ വാർഷികവും ഒക്ടോബർ ഒന്നു മുതൽ 10 വരെ വിവിധ കലാ സാംസ്കാരിക പരിപാടികളോടെ മട്ടന്നൂരിൽ ആഘോഷിക്കും.

# ചാരായഷാപ്പിനെതിരെ ഉപവാസം നടത്തി

കൽപ്പറ്റ: തിരുവോണ നാളിൽ തരിയോട് മദ്യ നിരോധന സമിതി പ്രവർത്തകരും നാട്ടുകാരും ഉപവസിച്ചു. തരിയോട് ഹൈസ്കൂൾ ജംഗ്ഷനിലെ ചാരായ ഷാപ്പ് നീക്കണമെന്നതായിരുന്നു ആവശ്യം.

പഞ്ചായത്ത് മെമ്പർ ടി.കെ. അബ്ദുൾ റഹിമാൻ ഉദ്ഘാടനം ചെയ്തു. ഈ ഷാപ്പിനെതിരെ 111 ദിവസങ്ങളിലായി നാട്ടുകാർ സത്യഗ്രഹം നടത്തുകയാണ്. മദ്യ നിരോധന സമിതി ജില്ലാ പ്രസിഡൻറ് ഫാ. മാത്യു കാതരാത്ത്, മാനന്തവാടി താലൂക്ക് പ്രസിഡൻറ് പി.വി. വിദ്യാധരൻ, എം.എം. ജോസഫ് അച്ചൂർ, ടി.ഒ. ബാബു എന്നിവർ പ്രസംഗിച്ചു.

### തറ തകർത്തു

കൂത്തുപറമ്പ്: മയിലുള്ളി മൊട്ടശാഖ സുന്നി യുവജന സംഘം മദ്രസക്കുവേണ്ടി പണിത തറ കഴിഞ്ഞ രാത്രിയിൽ ഒരു വിഭാഗം സാമൂഹ്യവിരുദ്ധർ തകർത്തു. എസ്.വൈ.എസ്. ശാഖാ സെക്രട്ടറി മഹമ്മൂദ് നൽകിയ പരാതിയിൻമേൽ കൂത്തുപറമ്പ് പോലീസ് കേസടുത്തു അന്വേഷിച്ചുവരുന്നു.

### ക്ഷേമനിധി നടപ്പാക്കണം

കണ്ണൂർ: ഷോപ്പുകളിൽ ജോലിചെയ്തുവരുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കണമെന്ന് ഷോപ്പ് എസ്റ്റാബ്ലിഷ്മെൻറ് എംപ്ലോയീസ് ആൻറ് ലേബർ ഫെഡറേഷൻ (എൻ.എൽ.ഒ) ഫുട്ട്വെർ യൂണിറ്റ് യോഗം കേരള സർക്കാരിനോട് അഭ്യർത്ഥിച്ചു.

യോഗത്തിൽ ബി.മുഹമ്മദ് അഷറഫ് അദ്ധ്യക്ഷത വഹിച്ചു.

### ചാരായം പിടിച്ചു

തളിപറമ്പ്: നാടൻ ചാരായം കൈവശം വച്ചതിന് പുതിയപുരയിൽ കുഞ്ഞിരാമൻ, മതിയാൽ ഗോപാലൻ, ചെറുവിള്ളിവീട്ടിൽ ബാബു, കൂലോത്ത് വീട്ടിൽ കണ്ണൻ എന്നിവരെ മുടിക്കാനത്ത്വച്ച് തളിപ്പറമ്പ് സബ് ഇൻസ്പെക്ടർ കുഞ്ഞികൃഷ്ണമാരാർ അറസ്റ്റ് ചെയ്തു.

### തപാൽ ഉരുപ്പടികൾ വൈകിപ്പിച്ചതിന് ക്രിമിനൽ കേസ്

തളിപ്പറമ്പ്: പോസ്റ്റോഫീസിലെ പരാതി പുസ്തകത്തിൽ പരാതി എഴുതിയതിലുള്ള വിരോധം തീർക്കാനായി 'ആളെ അറിയില്ല' എന്ന തെറ്റായ കാരണം പറഞ്ഞ് തപാൽ ഉരുപ്പടികൾ മനഃപൂർവം വൈകിപ്പിച്ചതിന് പോസ്റ്റൽ ജീവനക്കാർക്കെതിരെ തളിപ്പറമ്പ് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തു. തളിപ്പറമ്പ് ബാറിലെ അഭിഭാഷകനായ അഡ്വ. പി.ആർ. രാജൻ കുട്ടിയാണ് തൻെറ കത്ത് വൈകിപ്പിച്ചതിന് ആലക്കോട് പോസ്റ്റുമാസ്റ്ററായിരുന്ന ഒ. ഗോപാലൻ, പോസ്റ്റൽ അസിസ്റ്റൻറ് എം.യു. ജോൺ മുഴുത്തേടത്ത്, പോസ്റ്റുമാൻമാരായ കെ.എം. മത്തായി, പി.കെ. ഷാജി എന്നിവർക്കെതിരെ കേസ് ഫയൽ ചെയ്തത്. ആലക്കോട് പോസ്റ്റോഫീസിലാണ് സംഭവം.

കേസ് ഫയലിൽ സ്വീകരിച്ച ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് ടി.പി. സുകുമാരൻ പ്രതികൾ കോടതിയിൽ ഹാജരാക്കാൻ സമൻസ് അയയ്ക്കുവാൻ ഉത്തരവായി.